മാനവസംസ്കാരകേന്ദ്രത്തിന്റെ

# ജനനീതി

171

ജൂലായ് 2011

3.00 ക.



ജ്യോതേന്ദ്ര ഡേ

# മുഹമ്മദ് റാഫിക്കൊരു ക്ഷേത്രം

ലഖ്നൗ: മുഹമ്മദ് റാഫി മരിച്ചിട്ടിപ്പോൾ കൊല്ലം മുപ്പതായി. എന്നാൽ ഒരു സ്കൂൾ അധ്യാപകനായ സഞ്ജീവ് ദീക്ഷിത്തിന് കാലം മരവിച്ചു നിൽപാണ്. കാൻപൂർ റോഡിലെ എൽ.ഡി.എ. കോളനിയിലുള്ള തന്റെ വീട്ടിൽ അദ്ദേഹം റാഫിക്കൊരു ക്ഷേത്രം നിർമ്മിച്ചു.



റാഫിയുടെ നാനാഭാവങ്ങളിലുള്ള നൂറുകണക്കിന് ഫോട്ടോകൾ അവിടെ സമാഹരിച്ചിട്ടുണ്ട്. റാഫിയുടെ ശവകുടീരത്തിൽനിന്നു കൊണ്ടുവന്ന ഒരു പിടി മണ്ണുചേർത്തുണ്ടാക്കിയ റാഫിയുടെ പ്രതിമകളും അവിടെ കാണാം. റാഫിയുടെ മാർബിളിൽ തീർത്ത ഒരു പ്രതിമയുടെ പണി പൂർത്തിയാകാറായി. റാഫിയുടെ സംഗീതം ഞാൻ ആദ്യമായി കേട്ടത് 1987ലാണ്. ഞാനത് കേട്ട് സ്തംഭിച്ചുനിന്നുപോയി. പിന്നീട് ഞാൻ അദ്ദേഹത്തിന്റെ ഒട്ടേറെ പാട്ടുകൾ കേട്ടിട്ടുണ്ട്. ഒടുവിൽ അതൊരു ആരാധനാ മനോഭാവമായി മാറി. അദ്ദേഹത്തിന്റെ കിട്ടാവുന്നത്ര ചിത്രങ്ങളും പാട്ടുകളും ഞാൻ ശേഖരിച്ചു. ആ ആരാധനാമനോഭാവമാണ് ക്ഷേത്രനിർമ്മാണമെന്ന ആശയത്തിലേക്ക് എന്നെ എത്തിച്ചത്. അങ്ങനെ ഞാനുണ്ടാക്കിയ ക്ഷേത്രമാണിത്. ആരാധനാലയമാക്കി മാറ്റിയ ചെറിയൊരു മുറി ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

മുഹമ്മദ് റാഫിയുടെ പാട്ടുകൾ പകൽ മുഴുവനും ഒരു പശ്ചാത്തല സംഗീതമായി അവിടെ അലയടിക്കുന്നു. സഞ്ജീവ് ദീക്ഷിത് രാവിലെ വീട്ടിലേക്ക് പോകാറാകുന്നതുവരെ അവിടെ പ്രാർത്ഥനാനിരതനായി കഴിയും. അതുകഴിഞ്ഞാൽ സ്കൂളിലേക്ക് പോകും. മുഹമ്മദ് റാഫിയുടെ പാട്ടുകളിൽ സ്വർഗീയാനന്ദം പ്രദാനം ചെയ്യുന്ന എന്തോ ഒന്നുണ്ട്. മുസ്ലീംമാണെങ്കിലും അദ്ദേഹം കീർത്തനങ്ങൾ ആലപിക്കും.

റാഫിയുമായി ബന്ധപ്പെട്ട എല്ലാ സ്ഥലങ്ങളും ദീക്ഷിത് കുടുംബം സന്ദർശിച്ചിട്ടുണ്ട്. അമൃതസരസ്സിന്നടുത്ത കോട്‌ല ഗ്രാമമാണ് റാഫിയുടെ ജന്മദേശം. മുംബായിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. റാഫിയുടെ അന്ത്യവിശ്രമസ്ഥാനവും മുംബായ് തന്നെയാണ്. ദീക്ഷിത് കുടുംബം ഈ കേന്ദ്രങ്ങളെല്ലാം സന്ദർശിക്കുക മാത്രമല്ല റാഫിയുടെ കുടുംബാംഗങ്ങളെ കണ്ടു സംസാരിച്ചിട്ടുമുണ്ട്. റാഫിയുടെ മിക്ക പാട്ടുകളും റക്കോർഡ് ചെയ്ത സ്റ്റുഡിയോവിൽപോലും അവർ പോയിട്ടുണ്ട്.

പരസ്പര വിരുദ്ധമെന്നു പൊതുവെ കരുതപ്പെടുന്ന രണ്ടു സംസ്കാരങ്ങൾ ഇവിടെ ഒന്നിച്ചലിഞ്ഞു ചേരുന്നു. ❑


**ജനനീതി**

ജൂലായ് 2011

**171**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജ ന നീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org


എഡിറ്റോറിയൽ

# സന്യാസിമാർ രാഷ്ട്രീയത്തിലിറങ്ങി കളിക്കരുത്

ദൽഹിയിലെ ബാബ രാംദേവിന്റെ കാര്യം ഏതെല്ലാം വഴിക്ക് പാളിപ്പോകുമെന്ന് പറയാനാവില്ല. ഈ സംഭവ പരമ്പരകളിൽനിന്ന് മുതലെടുക്കാൻ എല്ലാ രാഷ്ട്രീയക്കാരും ശ്രമിച്ചുവരുന്നുണ്ട്. അതിന്നും പുറമെ സുപ്രീം കോടതിയും മനുഷ്യാവകാശ കമ്മീഷനും ഇതിൽ ഇടപെട്ടിട്ടുണ്ട്. ഇതെല്ലാം എവിടെ ചെന്നു കലാശിച്ചാലും ശരി, ഒരു കാര്യം പറഞ്ഞേ തീരൂ. ആത്മീയ കാര്യങ്ങൾ കൈകാര്യം ചെയ്തുവരുന്ന സന്യാസിമാർ രാഷ്ട്രീയത്തിൽ ഇടപെടരുത്. തീയും വെടിമരുന്നും പോലെ, കൂട്ടിതൊടുവിച്ചാൽ സ്ഫോടനം സംഭവിക്കുമെന്ന് ഉറപ്പുള്ള രണ്ടു മേഖലകളാണിവ. ഇന്ത്യ ഇതെത്രയോ അനുഭവിച്ചു കഴിഞ്ഞതാണ്. ഇനിയും അതിൽനിന്നൊരു പാഠം ഉൾക്കൊള്ളാൻ നമുക്കാവുന്നില്ലെങ്കിൽ, നമ്മൾ തികഞ്ഞ മഠയന്മാരാണെന്നോ അല്ലെങ്കിൽ, നിക്ഷിപ്ത താല്പര്യങ്ങളാൽ നയിക്കപ്പെടുന്നവരാണെന്നോ സമ്മതിക്കേണ്ടി വരും.

പണ്ട് യൂറോപ്പിൽ ഇതുതന്നെയായിരുന്നു സ്ഥിതി. ജനങ്ങളുടെ ആത്മീയ കാര്യങ്ങളിലെന്നപോലെ ഭൗതിക കാര്യങ്ങളിലും മാർപ്പാപ്പയായിരുന്നു പരമാധികാരി. ശാസ്ത്ര സത്യങ്ങൾ തുറന്നു പറഞ്ഞതിന്ന്, അവ മതപരമായ വിശ്വാസങ്ങൾക്കെതിരാണെന്നതുകൊണ്ടുമാത്രം ശിക്ഷിക്കപ്പെട്ട അനേകം മഹാപുരുഷന്മാരെപ്പറ്റി നാം പഠിച്ചിട്ടുണ്ട്. മതത്തേയും രാഷ്ട്രീയത്തേയും വെള്ളം ചോരാത്ത രണ്ട് വ്യത്യസ്ത അറകളിലായി വിഭജിക്കാൻ കഴിഞ്ഞപ്പോഴേ യൂറോപ്പിന്ന് പുരോഗമിക്കാൻ കഴിഞ്ഞുള്ളൂ. മാർപ്പാപ്പക്കും പുരോ

ഹിതന്മാർക്കും അവരുടേതായ ആത്മീയ മേഖല വേർതിരിച്ചു കൊടുക്കുകയും ജനങ്ങളുടെ ഭൗതിക ജീവത മേഖല രാഷ്ട്രീയക്കാർക്കും ശാസ്ത്രജ്ഞന്മാർക്കും വിട്ടുകൊടുക്കുകയും ചെയ്തതായിരുന്നു യൂറോപ്പിലെ ഏറ്റവും വലിയ വിപ്ലവം.

എന്നാൽ ഇന്ത്യക്ക് അടിസ്ഥാനപരമായ ഈ പാഠം ഉൾക്കൊള്ളാൻ ഇനിയും കഴിഞ്ഞിട്ടില്ല. സകല മതങ്ങൾക്കും ജന്മം നൽകിയ ഏഷ്യ ഇന്നും മതങ്ങളുടെ നൂലാമാലകളിൽപെട്ട് ചക്രശ്വാസം വലിക്കുന്നു. എത്രയെത്ര ഫത്വകളാണ് നമ്മുടെ ആചാര്യന്മാർ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നത്! എത്രയെത്ര മനുഷ്യരാണ് ഇവിടെ മതത്തിന്റെ പേരിൽ ദിവസേന കൊല്ലപ്പെട്ടുകൊണ്ടിരിക്കുന്നത്! എത്രയെത്ര ജീവിതങ്ങളാണിവിടെ അജ്ഞതയുടെ അന്ധകാരത്തിലേക്ക് വലിച്ചെറിയപ്പെട്ടുകൊണ്ടിരിക്കുന്നത്! നാലക്ഷരം പഠിച്ച് ആയുസ്സിനെ സഫലമാക്കുന്നതിന്നു പകരം നാം, ഉള്ളൂർ പറഞ്ഞതുപോലെ നാമം പഠിക്കാനും പാടിസ്തുതിക്കാനും മന്ത്രം ചൊല്ലാനുമായി വൃഥാ ജീവിതം പാഴാക്കിക്കൊണ്ടിരിക്കുന്നു. തപസ്സു ചെയ്ത് ജീവിതം പാഴാക്കുന്നതിന്നു പകരം മൈതാനത്തിൽ പോയി പന്തുകളിച്ച് ദൃഢശരീരം വാർത്തെടുക്കാൻ നമ്മെ ഉപദേശിച്ചത് വിവേകാനന്ദ സ്വാമിയാണെങ്കിലും നാം അതൊരിക്കലും അനുസരിക്കാറില്ല. പണ്ട് ദേവാലയങ്ങളിലായിരുന്നു തപസ്സെങ്കിൽ, ഇന്നു ടെലിവിഷൻ സെറ്റിന്നു മുന്നിലാണെന്ന വ്യത്യാസം മാത്രമേയുള്ളൂ.

ഹിമാലയത്തിൽ യോഗാഭ്യാസം പഠിപ്പിച്ചും ആയുർവ്വേദൗഷധങ്ങൾ നിർമ്മിച്ചുവിറ്റും കഴിഞ്ഞുകൂടിയിരുന്ന ബാബ രാംദേവിന്ന് ഇപ്പോൾ പെട്ടെന്ന് കള്ളപ്പണത്തെപ്പറ്റി ബോധോദയം ഉണ്ടായതെങ്ങനെയാണ്? ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുക പോലും ചെയ്യാത്ത ഒരു കർഷകബാലന്ന് സാമ്പത്തിക ശാസ്ത്രത്തിൽ പരിജ്ഞാനം ഉണ്ടായിക്കൂടാ എന്നൊന്നും ഇവിടെ വിവക്ഷയില്ല. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാത്ത പല അതിബുദ്ധികളേയും നാം കണ്ടിട്ടുണ്ട്. അത്തരത്തിൽ പെട്ട ഒരാളായിക്കൂടാ ഈ ബാബ എന്നില്ല. പക്ഷെ ജൂൺമാസം പിറക്കുന്നതുവരെ ഇദ്ദേഹം കള്ളപ്പണത്തെപ്പറ്റി എന്തെങ്കിലും അഭിപ്രായം പറഞ്ഞതായി കേട്ടുകേൾവിയില്ല. ഒരുപക്ഷെ പത്രക്കാർ ഇത്രകാലവും അവഗണിച്ചതാണെന്നുവരാം. എന്നാൽ ഇന്ത്യക്കാരുടെ എത്രത്തോളം കള്ളപ്പണം എവിടെയെല്ലാം സൂക്ഷിച്ചിട്ടുണ്ടെന്നോ അത് വീണ്ടെടുക്കാനുള്ള വിദ്യ എന്താണെന്നോ അദ്ദേഹം എന്നെങ്കിലും പറഞ്ഞതായി കേട്ടിട്ടില്ല; ഈ വിഷയത്തിൽ ബാബയെ സഹായിക്കാൻ കഴിവുള്ള സാമ്പത്തിക ഉപദേഷ്ടാക്കളെപ്പറ്റിയും കേട്ടിട്ടില്ല. അങ്ങനെയിരിക്കെ ഈ കള്ളപ്പണ പ്രശ്നം എങ്ങനെ പെട്ടെന്നീവിധത്തിൽ പൊട്ടിവീണുവെന്ന് വിശദീകരിക്കേണ്ടത് ബാബതന്നെയാണ്.

ലോകത്തിൽ നാനാവിധ തിന്മകളുണ്ട്. അവയ്ക്കെന്നല്ല, അവയിൽ ഏതെങ്കിലുമൊന്നിന്ന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയാണെങ്കിൽ, അതിന്റെ നാനാവശങ്ങളെക്കുറിച്ച് ഒരു പഠനം നടത്തി ജനങ്ങളെ ഉദ്ബുദ്ധരാക്കേണ്ടതുണ്ട്. ഗാന്ധിജി ഹരിജനോദ്ധാരണത്തിന്ന് മുതിർന്നത് അങ്ങനെയാണെന്നു കേട്ടിട്ടുണ്ട്. അദ്ദേഹം ഒരു കൊല്ലക്കാലം ഹരിജന പ്രശ്നങ്ങൾക്കായി നീക്കിവച്ചു; മറ്റു പ്രവർത്തനങ്ങളെല്ലാം തൽക്കാലം നിർത്തിവച്ചു. ബാബ അങ്ങനെ എന്തെങ്കിലും ചെയ്തതായി അറിവില്ല. ബാബയുടെ "സമരം" ആരംഭിക്കുന്നതിന്നുമുമ്പ് ജനങ്ങൾക്ക് ഉണ്ടായിരുന്നതിനേക്കാൾ ഒരു കഴഞ്ച് അധികം ജ്ഞാനം പോലും ഈ സമരം കൊണ്ട് ജനങ്ങൾക്കുണ്ടായിട്ടുമില്ല. നേരെമറിച്ച്, നാട്ടിൽ പൂത്തുലഞ്ഞു നിൽക്കുന്ന അഴിമതിയിൽനിന്നും കള്ളപ്പണമെന്ന പ്രതിഭാസത്തിലേക്ക് ജനശ്രദ്ധ തിരിച്ചുവിടുന്ന ഒരു ഘടകം കൂടി ബാബയുടെ സമരത്തിലുണ്ടെന്നു തോന്നുന്നു.

ഇന്ത്യയിൽ അടിമുതൽ മുടിവരെ അഴിമതി അഴിഞ്ഞാടുകയാണെന്നു പറഞ്ഞാൽ അതിൽ ലേശം പോലും അതിശയോക്തിയില്ല. ഒരു നൂറ്റാണ്ടിന്നു മുമ്പ് മലബാറിൽ ഉദ്യോഗസ്ഥ പ്രമാണിമാരുടെ വെടിപറച്ചിലിന്നിടയിൽ, ആരോ ഒരാൾ "അഴിമതി കാണിക്കാത്തവരായിട്ടാരുമില്ല" എന്നു പറഞ്ഞപ്പോൾ, അപ്പുറത്തിരുന്നിരുന്ന ഒ. ചന്തുമേനോൻ എഴുന്നേറ്റ്, "ഉണ്ടെടോ, ഒരാളുണ്ട്, ഒയ്യാരത്ത് ചന്തു" എന്നു പറഞ്ഞതായി ഒരു കഥയുണ്ട്. ഇന്ന് അങ്ങനെ എഴുന്നേറ്റു നിന്ന് നെഞ്ചത്ത് തട്ടി, "ഉണ്ടെടോ ഒരാളുണ്ട്"എന്നു പറയാവുന്ന വിധത്തിൽ ഒരാളെ കണ്ടെത്തുക വിഷമമാണെന്നല്ലേ 2-ജി സംഭവം തെളിയിക്കുന്നത്. തന്റെ മൂക്കിന്നു താഴെ എ. രാജ എന്ന മന്ത്രി അഴിമതിയാണ് കാണിക്കുന്നതെന്ന് വ്യക്തമായും അറിയാമായിരുന്നിട്ടും അതു തടയാനുള്ള ധർമ്മ ധീരത നമ്മുടെ പ്രധാനമന്ത്രിക്കുണ്ടായില്ല എന്നിപ്പോൾ വ്യക്തമായിട്ടുണ്ടല്ലോ. ഒരാൾ അഴിമതി കാണിക്കുന്നത് സ്വാർത്ഥ ലാഭത്തിന്നു വേണ്ടിയാണ്. അത് മനസ്സിലാക്കാം. എന്നാൽ ഒരു സ്വാർത്ഥ ലാഭവും ഇല്ലാതിരുന്നിട്ടും അഴിമതി തടയാതിരിക്കുന്നത് അഴിമതിയേക്കാൾ അധിക്ഷേപാർഹമാണെന്നു പറയാൻ എന്തിന്നു മടിക്കണം?

അഴിമതിക്കെതിരായി ഇന്ത്യയിൽ ഒറ്റപ്പെട്ട ചില സമരങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ പ്രധാനം 1974 ൽ ജയപ്രകാശിന്റെ നേതൃത്വത്തിൽ നടന്നതാണ്. ആ വയോവൃദ്ധൻ പട്ന നഗരത്തിൽ അഴിമതിക്കെതിരായ ഘോഷയാത്രക്ക് നേതൃത്വം നൽകിയതും പോലീസിന്റെ തല്ലുകൊണ്ടിട്ടും കൂസലില്ലാതെ സമരം നയിച്ചതും ഇന്ത്യാചരിത്രത്തിലെ അവിസ്മരണീയ സംഭവങ്ങളിലൊന്നാണ്. ഈയിടെ മഹാരാഷ്ട്രത്തിൽ അന്നാഹസാരെ എന്ന പൊതുപ്രവർത്തകൻ മന്ത്രിമാരുടെ അഴിമതിക്കെതിരെ സമരം നടത്തുകയും അരഡസൻ മന്ത്രിമാരുടെ കസേര തെറിപ്പിക്കുകയുമുണ്ടായി. ആ ഹസാരെയാണിപ്പോൾ ദേശീയ തലത്തിൽ അഴിമതി വിരുദ്ധ സമരത്തിന്ന് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. അഴിമതിക്കെതിരെ പോരാടി തഴക്കവും പഴക്കവും വന്നവരാണ് അദ്ദേഹത്തിന്റെ സഹപ്രവർത്തകർ. നീതിന്യായ സംവിധാനത്തിന്റെ അത്യുന്നത തലങ്ങളിൽ വിരാജിച്ചിരുന്നവർ പോലും അഴിമതിക്കാരായിരുന്നുവെന്ന് പ്രഖ്യാപിക്കാനുള്ള കരളുറപ്പ് കാണിച്ചവരാണ് അവരിൽ പലരും.

അങ്ങനെയൊരു അഴിമതി വിരുദ്ധ സമരത്തിന്റെ കാർമേഘം കൊണ്ട് അന്തരീക്ഷമാകെ മൂടിക്കെട്ടി നിൽക്കുന്നതിന്നിടയിലാണ് ഒരു ബാബ ഒരു കള്ളപ്പണ വിരുദ്ധ സമരവുമായി ദൽഹിയിൽ സ്വന്തം വിമാനത്തിൽ പറന്നിറങ്ങുന്നത്. ഡപ്യൂട്ടി പ്രധാനമന്ത്രിയെന്ന പദവിയില്ലെ

ങ്കിലും, അത്തരമൊരു പദവിയിൽ വിരാജിക്കാമായിരുന്ന ധനകാര്യ മന്ത്രി പ്രണവകുമാർ മുക്കർജിയുടെ നേതൃത്വത്തിലുള്ള ഒരു മന്ത്രിപ്പട ചുവന്ന പരവതാനി വിരിച്ച് ബാബയെ സ്വീകരിക്കുന്നതു കണ്ട പ്പോൾ ജനങ്ങളെന്നല്ല, അസാധാര ണമായ പലതും കണ്ട് കണ്ണു തഴ മ്പിച്ചിട്ടുള്ള പത്രക്കാർ പോലും അത്ഭുത പരതന്ത്രരായിപ്പോയെന്ന് പിറ്റേ ദിവസത്തെ പത്രങ്ങളിൽ വന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. പിന്നീട് ദൽഹിയിൽ നടന്ന നാടകങ്ങ ളെക്കുറിച്ച് ഇവിടെ വിവരിക്കേണ്ട കാര്യമില്ല.

അന്ന ഹസാരേയിൽനിന്നും അദ്ദേ ഹത്തിന്റെ അഴിമതി വിരുദ്ധ സമര ത്തിൽനിന്നും ജനങ്ങളുടെ ശ്രദ്ധ വ്യതിചലിപ്പിക്കാൻ ആസൂത്രണം ചെയ്ത നാടകങ്ങളാണ് ദൽഹിയിൽ നാം കണ്ടതെന്നുവേണം അനുമാ നിക്കാൻ. ആരാണിത് ആസൂത്രണം ചെയ്തത്? ബാബയാണോ? ബാബ യാകാൻ തരമില്ല. അത്രക്കുള്ള പക്വ തയോ കൗശലമോ നേടിയിട്ടുള്ള ഒരാളാണദ്ദേഹമെന്ന് തോന്നുന്നില്ല. അപ്പോൾ ഗവർമ്മേണ്ട് തന്നെ യാണോ ഇതിന്റെയെല്ലാം സൂത്രധാ രൻ? ആകാനിടയുണ്ട്. ചാണക്യ തന്ത്രത്തിൽ ചാണക്യനെപ്പോലും തോൽപ്പിച്ചു കളയുന്നവരാണ് ഇന്നത്തെ ഭരണാധികാരികളെന്ന് അമേരിക്കയുമായുണ്ടാക്കിയ അണു ശക്തിക്കരാർ വ്യക്തമാക്കുന്നു ണ്ടല്ലോ. അത്തരക്കാർക്ക് ഹിമാലയ ത്തിൽ കഴിയുന്ന ഒരുബാബ വെറു മൊരു കളിപ്പാട്ടം മാത്രമാണ്.

അന്നഹസാരേയും സഹപ്രവർത്ത കരും വളരെയേറെ കരുതലോടെ മുന്നോട്ടു പോകേണ്ടതുണ്ടെന്നാണ് ഈ സംഭവങ്ങളെല്ലാം സൂചിപ്പിക്കു ന്നത്. രാഷ്ട്രീയത്തിൽ കാര്യമായ തഴക്കവും പഴക്കവുമില്ലാത്ത ഒരാ ളാണ് അന്ന ഹസാരെ. ബാബയുടെ കാര്യത്തിൽ മേൽകീഴ് നോക്കാതെയുണ്ടായ അദ്ദേഹ ത്തിന്റെ പ്രതികരണം അതാണ് സൂചിപ്പിക്കുന്നത്. സ്വന്തം സമരവേ ദിയിലേക്ക് ട്രോജൻ കുതിരകൾ കയ റിവരുന്നതിന്നെതിരെ അദ്ദേഹം ശ്രദ്ധിച്ചേതീരൂ. ബാബയെച്ചൊല്ലി പൊതുസമൂഹത്തിന്നിടയിൽ എത്ര വേഗത്തിലാണ് ഭിന്നിപ്പുളവാക്കാൻ തല്പരകക്ഷികൾക്ക് കഴിഞ്ഞത്! ഇത്രയും നിസ്സാരവും ലളിതവുമായ ഒരു കാര്യത്തിൽ പോലും ഇതാണ് സ്ഥിതിയെങ്കിൽ, ഗൗരവാവഹമായ കാര്യങ്ങൾ പരിഗണനക്കു വരു മ്പോൾ എന്താകും സ്ഥിതി?

ഏതായാലും ഒരു കാര്യം ശ്രദ്ധിച്ചേ തീരൂ. അഴിമതി, കള്ളപ്പണം, ഭൂവിതര ണം, ദാരിദ്ര്യ നിർമ്മാർജനം തുടങ്ങിയ ഭൗതിക കാര്യങ്ങളിൽ ബാബമാർക്കും ആചാര്യന്മാർക്കും പുരോഹിത ന്മാർക്കും മറ്റു ആത്മീയ നേതാ ക്കൾക്കും ഒരു സ്ഥാനവുമുണ്ടായിക്കൂ ടാ. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ പ്രശ്നങ്ങൾ ജനസമൂ ഹത്തിന്ന് വിട്ടുകൊടുക്കുക. എല്ലാ ജാതിക്കാർക്കും മതക്കാർക്കും വിശ്വാ സികൾക്കും വിശപ്പും ദാഹവും നീതിയും ന്യായവുമെല്ലാം ഒരുപോലെ ത്തന്നെയാണ്.

പോലീസ് രാംലീലാ മൈതാനത്ത് പ്രവേശിച്ചപ്പോൾ, ബാബ ആരുടേയോ സാരിവാങ്ങി വേഷം മാറി രക്ഷപ്പെടാൻ ശ്രമിക്കുകയുണ്ടായി. പോലീസിന്റെ ഒര ടിയെ ഇത്രയും ഭയപ്പെടുന്ന ഒരാൾക്ക് ഒരു ജനകീയ സമരത്തെ എങ്ങനെ നയിക്കാൻ കഴിയും? ബാബയുടെ അനുയായിയാകാൻ വെമ്പുന്നവർ ചിന്തിക്കേണ്ടൊരു കാര്യമാണിത്. ❑



# ബംഗാൾ എം.എൽ.എ. മാരിൽ 35 ശതമാനം ക്രിമിനൽ പ്രതികൾ

- രക്തിമ ബോസ് -

**പ**ശ്ചിമബംഗാൾ നിയമസഭയിലേക്ക് ഈയിടെ നടന്ന തിരഞ്ഞെടുപ്പിൽ ജയി ച്ചവരിൽ മുപ്പത്തഞ്ചു ശതമാനവും ക്രിമി നൽ കേസുകളിലെ പ്രതികളാണെന്ന് "നാഷനൽ എലക്ഷൻ വാച്ച്" എന്ന സംഘടന പറയുന്നു.

ആകെ അഞ്ചു സംസ്ഥാനങ്ങളി ലാണ് ഈയിടെ തിരഞ്ഞെടുപ്പു നടന്ന ത്. അഞ്ചു സംസ്ഥാനങ്ങളിൽ ജയിച്ച വരെ ആകെയെടുത്താൽ ജയിച്ചവരിൽ 33 ശതമാനത്തിന്നെതിരായും ക്രിമിനൽ കേസുകൾ നിലവിലുണ്ട്. തമിഴ്നാട്, കേരളം, ആസാം, കേന്ദ്രഭരണ പ്രദേശ മായ പുതുശ്ശേരി എന്നിവയാണ് മറ്റു നാലു സംസ്ഥാനങ്ങൾ.

ബംഗാളിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ മന്ത്രിസഭയിലെ മന്ത്രിമാ രിൽ ഒമ്പതുപേർക്കെതിരായും ക്രിമിൽ കേസുകൾ നിലവിലുണ്ട്. കൊലപാത കം, കൊലപാതകശ്രമം, തട്ടിക്കൊണ്ടു പോകൽ, മോഷണം തുടങ്ങിയ ഗുരു തരമായ കേസുകളെ സംബന്ധിച്ചിട ത്തോളം ബംഗാൾ എം.എൽ.എ. മാർ മറ്റു നാലു സംസ്ഥാനങ്ങളിലെ എം. എൽ.എ. മാരേക്കാൾ വളരെ മുന്നിട്ടു നിൽക്കുന്നതായും എലക്ഷൻ വാച്ച് കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽപെട്ട 75 എം.എൽ.എ. മാരാണ് ഇപ്പോഴുള്ള ത്. നാഷനൽ എലക്ഷൻ വാച്ചിന്റെ സ്ഥാപകാംഗമായ ത്രിലോചൻ ശാസ്ത്രി കൽക്കത്തയിൽ ഒരു പത്ര സമ്മേളനത്തിലാണ് ഈ വിവരങ്ങൾ വെളിപ്പെടുത്തിയത്.

തൃണമൂൽ കോൺഗ്രസ്സിന്റെ തിര ഞ്ഞെടുക്കപ്പെട്ട 184 എം.എൽ.എ. മാരിൽ അറുപത്തൊമ്പതുപേർക്കെ തിരെ ക്രിമിനൽ കേസുകൾ നിലവിലു ണ്ട്. അതുപോലെ 42 കോൺഗ്രസ് എം.എൽ.എ. മാരിൽ പതിനേഴുപേരും ക്രിമിനൽ കേസുകളിലെ പ്രതികളാണ്. തിരഞ്ഞെടുക്കപ്പെട്ട നാല്പത് മാർക്സിസ്റ്റ് പാർട്ടി എം.എൽ.എ. മാരിൽ ഏഴുപേരേ ക്രിമിനൽ കേസുക ളിലെ പ്രതികളായുള്ളൂ.

ക്രിമിനൽ കേസുകളിലെ പ്രതികളായ കാബിനറ്റ് മന്ത്രിമാരിൽ പ്രധാനി നിയമ കാര്യമന്ത്രി മോലോയ് ഘടക് ആണ്. സ്കൂൾ വിദ്യാഭ്യാസകാര്യമന്ത്രി ഫിർഹാദ് ഹാക്കിം, അഗ്നിശമനകാര്യ മന്ത്രി ജാവേദ് ഖാൻ, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിങ് മന്ത്രി സുബ്രതാ മുക്കർജി, ഭവനനിർമ്മാണകാര്യമന്ത്രി ശ്യാമപ്രസാദ് മുക്കർജി, സെൽഫ് എംപ്ലായ്മെന്റ് കാര്യമന്ത്രി ശാന്തിറാം മഹതോ, മാസ് എഡ്യൂക്കേഷൻ മന്ത്രി അബ്ദുൾകരിം ചൗധരി, എന്നിവരും ക്രിമിനൽ കേസുകളിലെ പ്രതികളാണ്.

ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് തൃണമൂൽ നിർദ്ദേശിച്ചിരിക്കുന്ന സ്ഥാനാർത്ഥിയായ സോനാലി ഗുഹയും ക്രിമിനൽ കേസുകളിലെ പ്രതിയാണ്.

ക്രിമിനൽ കേസുകളിലെ പ്രതികൾ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് തട യുന്ന ഒരു നിയമം ആവശ്യമാണെ ന്നാണ് ഈ പ്രവണത സൂചിപ്പിക്കുന്ന തെന്ന് ത്രിലോചൻ ശാസ്ത്രി പറഞ്ഞു. ജനാധിപത്യ കക്ഷികളുടെ പ്രവർത്തന ത്തിന്നും സ്ഥാനാർത്ഥി നിർണയ പ്രക്രി യക്കും അതൊരു നിയന്ത്രണ ശക്തി യാകുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

# ഒരു രാഷ്ട്രീയക്കാരനെങ്കിലും അഴിമതിക്ക് ജയിലിലെത്തി

**- വി.ആർ. കൃഷ്ണയ്യർ -**

കേരള കോൺഗ്രസ് (ബി) എന്ന പേരിൽ അറിയപ്പെടുന്ന ഒരു പ്രാദേശിക രാഷ്ട്രീയ കക്ഷിയുടെ തലവനും പയറ്റിത്തെളിഞ്ഞ രാഷ്ട്രീയ നേതാവുമായ ആർ. ബാലകൃഷ്ണപിള്ളയെ ഫെബ്രുവരി 18ന്ന് ജയിലിലടച്ചു. ഏതാണ്ട് ഇരുപതുകൊല്ലംമുമ്പ് അദ്ദേഹം നടത്തിയ ചില അഴിമതികൾക്കുള്ള ശിക്ഷയാണിത്. അന്നദ്ദേഹം കേരളത്തിലെ വൈദ്യുതികാര്യമന്ത്രിയായിരുന്നു. കേരള സംസ്ഥാന എലക്ട്രിസിറ്റി ബോർഡിന്റെ മുൻ ചെയർമാനടക്കം മറ്റു രണ്ടുപേരും ഈ കേസിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഗവർമ്മേണ്ട് സമർപ്പിച്ച ഏതെങ്കിലും അപ്പീൽ പ്രകാരമായിരുന്നില്ല സുപ്രീംകോടതിയുടെ ഈ ശിക്ഷയെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ഇപ്പോഴത്തെ പ്രതിപക്ഷനേതാവായ വി.എസ്. അച്ചുതാനന്ദൻ സമർപ്പിച്ച ഒരു അപ്പീൽ പ്രകാരമാണ് സുപ്രീം കോടതിയുടെ ഈ വിധി. 1990 കളിലും ഇദ്ദേഹം പ്രതിപക്ഷനേതാവായിരുന്നു. വി.എസ്. അച്ചുതാനന്ദൻ വ്യക്തിപരമായ നിലക്ക് സമർപ്പിച്ചിരുന്ന ഒരു അപ്പീലിന്മേലാണ് ഈ വിധിയുണ്ടായിരിക്കുന്നത്. ബാലകൃഷ്ണപിള്ളക്കെതിരായുണ്ടായിരുന്ന അഴിമതിക്കേസിൽ അദ്ദേഹത്തെ വെറുതെ വിടുകയും കേരള ഹൈക്കോടതി ആ വിധി ശരിവയ്ക്കുകയും ചെയ്തതിന്നെതിരായിട്ടായിരുന്നു അച്ചുതാനന്ദന്റെ അപ്പീൽ ഹർജി.

കുറ്റാരോപിതനായാലും ഒരാൾ നിർദ്ദോഷിയാണെന്നതാണ് ക്രിമിനൽ നിയമത്തിലെ അടിസ്ഥാന തത്വം. ഒരു കോടതി അയാളെ വെറുതെ വിടുക കൂടി ചെയ്താൽ ആ നിർദ്ദോഷിത്വ സങ്കൽപം കൂടുതൽ ശക്തിപ്പെടുന്നു. അപൂർവ്വം കേസുകളിൽ മാത്രമേ ഒരു മേൽക്കോടതി മറിച്ചൊരു തീരുമാനം ചെയ്യൂ. കീഴ്ക്കോടതി വിധി ദുർബ്ബലപ്പെടുത്തുന്നതാകട്ടെ, വ്യക്തവും സുനിശ്ചിതവുമായ കാരണങ്ങൾകൊണ്ടു മാത്രമായിരിക്കും. ഇത്തരമൊരു നിർദ്ദോ ➡ ഷിത്വ സങ്കൽപത്തിൽ സുപ്രീം കോടതി ഇടപെടുന്നതാകട്ടെ അത്യപൂർവ്വം ചില കേസുകളിൽ മാത്രമായിരിക്കുകയും ചെയ്യും.

സുപ്രീം കോടതിയുടെ ഒരു വിധി ആത്യന്തികമാണ്. സുപ്രീം കോടതിക്ക് തെറ്റുപറ്റില്ല എന്ന് ഇതിന്നർത്ഥമില്ല. നേരെ മറിച്ച് ഭരണഘടനാപരമായി സുപ്രീം കോടതിയുടെ വിധി ആത്യന്തികമായതിനാലാണ് അത് തെറ്റിനെല്ലാം അതീതമാകുന്നത്. മുൻവിധികൊണ്ടോ അജ്ഞത കൊണ്ടോ ചില ജഡ്ജിമാർക്ക് ഗുരുതരമായ തെറ്റുപറ്റാം. സുപ്രീം കോടതിക്കപ്പുറം മറ്റൊരു കോടതികൂടിയുണ്ടായിരുന്നെങ്കിൽ, സുപ്രീം കോടതിയുടെ വിധികളിൽ ചിലത് അസാധുവാക്കപ്പെടുമായിരുന്നു. ഗോലക് നാഥ് കേസ് എന്ന് പ്രസിദ്ധമായ കേസിന്റെ കാര്യം നോക്കൂ (1973 -4SCC 225) ജ.സുബ്ബറാവുവിന്റെ നേതൃത്വത്തിലുണ്ടായിരുന്ന പതിനൊന്നു ജഡ്ജിമാരടങ്ങിയ ഒരു ബഞ്ചിന്റെ വിധിയാണിത്. എന്നാൽ കേശവാനന്ദ ഭാരതി കേസ് എന്നു പ്രസിദ്ധമായ കേസിൽ പ്രത്യേകിച്ചൊരു ന്യായീകരണവുമില്ലാതെ ഗോലക്നാഥ് കേസിലെ വിധി ദുർബ്ബലപ്പെടുത്തി. വാസ്തവം പറഞ്ഞാൽ സുപ്രീം കോടതിയുടെ പലവിധികളും തെറ്റാണെന്ന് പിന്നീട് കണ്ടെത്തിയിട്ടുണ്ട്.

ബാലകൃഷ്ണപിള്ളയുടെ കേസിൽ, കേസിന്റെ വിചാരണ നടത്തിയ കോടതി പ്രതികൾ കുറ്റക്കാരാണെന്നു കണ്ടിരുന്നു. എന്നാൽ ഹൈക്കോടതിയിൽ ഒരൊറ്റ ജഡ്ജി മാത്രമടങ്ങിയ ബഞ്ച് ആ വിധി ദുർബ്ബലപ്പെടുത്തുകയും പ്രതികളെ വെറുതെ വിടുകയും ചെയ്തു. സുപ്രീം കോടതിയാകട്ടെ, ഹൈക്കോടതിയുടെ തീരുമാനം അസാധുവാക്കി.

വിചിത്രമെന്നു പറയുട്ടെ, അന്നത്തെ ഐക്യജനാധിപത്യമുന്നണിയുടെ ഗവർമ്മേണ്ട് അപ്പീൽ ഫയൽ ചെയ്തില്ല. അന്നത്തെ ഭരണകൂടത്തിൽ കേരള കോൺഗ്രസ്സ് (ബി) ഒര ഘടക കക്ഷിയായിരുന്നു പ്രതികളെ വെറുതെ വിട്ടതിനോട് അന്നത്തെ ഗവർമ്മേണ്ടിന്ന് മാനസികമായി യോജിപ്പുണ്ടായിരുന്നുവെന്നു കരുതണം. എന്നാൽ അച്ചുതാനന്ദൻ ഒരു സ്പെഷൽ ലീവ് ഹർജി ഫയൽചെയ്തു.

പിന്നീട് അധികാരത്തിൽവന്ന ഇടതുമുന്നണി ഗവർമ്മേണ്ട് പ്രതികളെ വെറുതെ വിട്ടതിന്നെതിരെ അപ്പീൽ സമർപ്പിക്കുകയുണ്ടായില്ല. ചുരുക്കത്തിൽ കേസാരംഭിച്ച ഘട്ടത്തിൽ നിലവിലുണ്ടായിരുന്ന വലതുമുന്നണി ഗവർമ്മേണ്ടോ പിന്നീട് അധികാരത്തിൽ വന്ന ഇടതുമുന്നണി ഗവർമ്മേണ്ടോ പ്രതികളെ വെറുതെ വിട്ട വിധിയെ ചോദ്യം ചെയ്തില്ല.

പ്രതികൾ കുറ്റക്കാരാണെന്നു വിധിച്ച സുപ്രീം കോടതിയുടെ ആത്യന്തിക വിധി വന്നത് സുപ്രീം കോടതിക്ക് അതിന്നധികാരമുണ്ടായിരുന്നതിനാലാണ്. കേസ് വിചാരണ നടത്തിയ കീഴ് കോടതിയുടെ വിധിയെ സുപ്രീം കോടതി ശരിവച്ചത് ബാലകൃഷ്ണപിള്ളക്ക് തന്റെ ഭാഗം അവതരിപ്പിക്കാൻ അവസരം നൽകാതെയാണെന്ന ഒരു വാദം ഉയർന്നു വന്നിട്ടുണ്ട്.

പ്രതികളെ വെറുതെ വിട്ടതിനെ ചോദ്യം ചെയ്യാൻ അവസരമുണ്ടായിട്ടും ഇടതുമുന്നണി അതിന്നു മുതിരാതിരുന്നത് ഇടതുമുന്നണി ഗവർമ്മേണ്ടിന്റെ അലംഭാവം കൊണ്ടാണെന്ന് ജനങ്ങൾ കരുതിയാൽ അതിൽ തെറ്റില്ല. അതുകൊണ്ടുതന്നെ സുപ്രീം കോടതിയിൽനിന്നു ഇപ്പോഴുണ്ടായ വിധിയിൽ ഇടതുമുന്നണിക്ക് അഭിമാനിക്കാൻ വകയൊന്നുമില്ല. കാരണം പ്രതികളെ വെറുതെ വിട്ട ഹൈക്കോടതി നടപടിയെ ഇടതുമുന്നണി ചോദ്യം ചെയ്തിട്ടില്ല. അച്ചുതാനന്ദന്റെ അപ്പീൽ ഇടതുമുന്നണി ഗവർമ്മേണ്ടിന്നു വേണ്ടിയുള്ളതായിരുന്നില്ല, അച്ചുതാനന്ദൻ എന്ന വ്യക്തിക്കുവേണ്ടിയുള്ളതായിരുന്നു. പ്രതികളെ വെറുതെ വിട്ടതിനെ ഇടതുഗവർമ്മേണ്ട് ചോദ്യം ചെയ്തുവെന്നത് ശരിതന്നെ. പക്ഷെ അത് അവസാന ഘട്ടത്തിലായിരുന്നു. മൊത്തത്തിൽ പറ

---

തിരഞ്ഞെടുപ്പ് സ്വതന്ത്രമായും നീതിപൂർണമായും നടത്തിയതിന്ന് എലക്ഷൻ കമ്മീഷനെ എല്ലാവരും പ്രശംസിച്ചിട്ടുണ്ടെങ്കിലും ബംഗാളിലെ ജനാധിപത്യത്തിന്റെ ആരോഗ്യ സ്ഥിതിയെ പലരും ചോദ്യം ചെയ്തിട്ടുണ്ടെന്ന് ശാസ്ത്രി ചൂണ്ടിക്കാട്ടി. തിരഞ്ഞെടുപ്പ് സമാധാനപരമായി നടത്താൻ ബംഗാളിൽ അർദ്ധസൈനിക വിഭാഗങ്ങളെ വിന്യസിക്കേണ്ടിവന്നതായി അദ്ദേഹം ഓർമ്മിപ്പിച്ചു.

ബംഗാൾ എലക്ഷൻ വാച്ച് ശേഖരിച്ച കണക്കനുസരിച്ച്, എം.എൽ. എ സ്ഥാനം നിലനിർത്തിയ 52 പേരുടെ ആസ്തികളുടെ വളർച്ച 117 ശതമാനമാണ്. ആകെയുള്ള 294 എം. എൽ.എ. മാരിൽ പതിനൊന്നു ശതമാനം പേർ കോടീശ്വരന്മാരുമാണ്.

ജനാധിപത്യ പ്രക്രിയയിൽ സ്ത്രീകൾക്കുള്ള പങ്കിനെക്കുറിച്ച് എല്ലാവരും വാനോളം വാഴ്ത്തി പറയാറുണ്ടെങ്കിലും, സ്ത്രീകളെ സ്ഥാനാർത്ഥികളാക്കുന്ന കാര്യത്തിൽ പ്രധാനപ്പെട്ട കക്ഷികളെല്ലാം വലിയ പിശുക്കാണ് കാണിച്ചത്. തിരഞ്ഞെടുപ്പിൽ മൽസരിച്ച 1263 പേരിൽ 132 സ്ത്രീകളെ ഉണ്ടായിരുന്നുള്ളൂ. ഇതിൽ ജയിച്ചവരാകട്ടെ 34 പേർമാത്രമാണ്. ❑

ഞ്ഞാൽ, അച്ചുതാനന്ദൻ സുപ്രീം കോടതിയിൽ തന്റെ അപ്പീലിൽ മുറുകെ പിടിച്ചില്ലായിരുന്നുവെങ്കിൽ, ബാലകൃഷ്ണപിള്ള രക്ഷപ്പെട്ടുപോകുമായിരുന്നു. കാരണം, ഇടതുമുന്നണി ഗവർമ്മേണ്ടടക്കം ആരും തന്നെ വേണ്ട നേരത്ത് വേണ്ടതൊന്നും ചെയ്തിരുന്നില്ല.

സുപ്രീം കോടതിയുടെ വിധി അന്തിമ വിധിയാണ് അതിനെ അത്തരത്തിൽ സ്വീകരിക്കുകയാണ് വേണ്ടത്. ഇതിന്നപ്പുറം ബാലകൃഷ്ണപിള്ളക്ക് ഒരു പോംവഴിയുള്ളത് ദയാഹർജി സമർപ്പിക്കലാണ്. അത് നീതിന്യായത്തന്റേതായ വകുപ്പിൽപെട്ടതല്ല. ഭരണഘടനയുടെ 161-ാം അനുഛേദത്തിൽപെട്ട ആശ്വാസ നടപടിയാണത്. (മാരുറാം 1980 AIR 2147)

## റവ്യൂ എന്ന മിഥ്യ

സുപ്രീം കോടതിയുടെ വിധിക്കെതിരെ റവ്യൂ ഹർജി സമർപ്പിക്കാമെന്ന് ചില പത്രങ്ങൾ നിർദ്ദേശിച്ചതായി കാണുന്നു. അതൊരു മിഥ്യയാണ്. വിധി പറഞ്ഞ അതേ ബഞ്ചിൽതന്നെ റവ്യൂ ഹർജി സമർപ്പിക്കേണ്ടതുണ്ട്. ഇങ്ങനെ ഹർജി സമർപ്പിച്ചാൽതന്നെ അത് പരസ്യമായി വാദത്തിന്നെടുത്തുകൊള്ളണമെന്നൊന്നുമില്ല. തങ്ങളുടെ വിധിയിൽ ഗുരുതരമായ തെറ്റുവന്നുപെട്ടിട്ടുണ്ടെന്ന് അതേ ബഞ്ചിന് പ്രഥമദൃഷ്ട്യാ ബോധ്യം വന്നാൽ മാത്രമേ അങ്ങനെ വിചാരണക്കെടുക്കുകയുള്ളൂ. അത്യപൂർവ്വമായി മാത്രം സംഭവിക്കുന്ന ഒന്നാണത്. തങ്ങളെഴുതിയ പ്രബലമായൊരു വിധിന്യായം വെറും മണ്ടത്തരമായിരുന്നുവെന്ന് ഒരു ബഞ്ച് തീരുമാനിക്കുമെന്ന് കരുതാനാവില്ല. ദയാഹർജിയാണെങ്കിൽ രാഷ്ട്രപതി കൈകാര്യം ചെയ്യേണ്ട ഒരു വിഷയവുമാണ്.

ബാലകൃഷ്ണപിള്ളയുടെ അഴിമതിക്കേസിൽ സുപ്രീം കോടതി പുറപ്പെടുവിച്ചിരിക്കുന്ന വിധി തികഞ്ഞ ന്യായാന്യായ വിചിന്തനത്തോടുകൂടിയ ഒന്നാണ്. പ്രശ്നത്തിന്റെ എല്ലാ വശങ്ങളും ആ വിധിയിൽ ചർച്ചചെയ്തിട്ടുണ്ട്. അങ്ങനെ കോടതിയെത്തിയ നിഗമനങ്ങളും അവസാന വിധിയും വളരെ തൃപ്തികരമായി തോന്നുന്നു. ഏതൊരു നിഗമനത്തിന്നും രണ്ടു വശങ്ങളുണ്ടാകാം. ബാലകൃഷ്ണപിള്ളയുടെ കേസ് ഹൈക്കോടതിയിൽ ഒരു ഏകാംഗ ബഞ്ചിലാണ് തീരുമാനിക്കപ്പെട്ടത്. സുപ്രീം കോടതിയിലാകട്ടെ രണ്ടു ജഡ്ജിമാരടങ്ങിയ ബഞ്ചിലായിരുന്നു വിചാരണയും വിധി പ്രഖ്യാപനവും. വിധി ന്യായം ആദ്യന്തം വായിച്ചുനോക്കിയ എനിക്ക് ആ വിധി നിലനിൽക്കില്ലെന്ന് പറയാനാവില്ല. അതുകൊണ്ടാണ് ഈ വിധിക്ക് ഒരു റവ്യൂ സാധ്യമല്ലെന്ന് ഞാൻ പറയുന്നത്. ബാലകൃഷ്ണപിള്ളയെ ഇരുമ്പഴികൾക്കപ്പുറത്തുനിന്ന് മോചിപ്പിക്കാൻ ഗദയാഹർജിയെ ആശ്രയിക്കുക മാത്രമാണ് പോംവഴി.

പക്ഷെ ദയാഹർജിക്കും പരിമിതിയുണ്ട്. ദയാഹർജികൾ സ്വേഛാപൂർവ്വം അനുവദിക്കാനാവില്ല; അതു യുക്തിസഹമായിരിക്കണം. എളുപ്പത്തിലൊന്നും കടിച്ചുപൊട്ടിക്കാനാകാത്ത ഒരു കേസാണിത്. ക്രിമിനൽ നീതിന്യായത്തിന്റെ തത്വങ്ങൾ ഇവിടെ ഗുരുതരമായ പരീക്ഷണത്തെ നേരിടുന്നു - അതാകട്ടെ എല്ലാവരുടേയും മുന്നിൽവച്ചും!

ഈ പ്രോസിക്യൂഷന്റേയും കോടതിവിധിയുടേയും പിന്നിലുള്ള യഥാർത്ഥ വീരനായകനെ എന്റെ ഹൃദയപൂർവ്വമായ അഭിനന്ദനമറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കട്ടെ. അച്ചുതാനന്ദൻ ഏതാണ്ടൊരു ദശകക്കാലം ഈ ക്രിമിനൽകേസ് കൈവിടാതെ പിടിച്ചുനിന്നതിനെ അഭിനന്ദിക്കുകതന്നെ വേണം. ഈ കേസാരംഭിക്കുമ്പോൾ അച്ചുതാനന്ദൻ അധികാരസ്ഥാനത്തായിരുന്നില്ല. പ്രതിപക്ഷത്തായിരുന്നു. നീതിയുടെ പതാക അദ്ദേഹം ആദ്യന്തം ഒറ്റക്ക് ഉയർത്തിപ്പിടിച്ചു. അദ്ദേഹത്തിന്റെ ആ നിശ്ചയദാർഢ്യംമൂലം നീതിയുടെ പതാക പാറിക്കാൻ കഴിഞ്ഞു. ❑





# ആർക്കും ആരേയും പേടിയില്ലാത്ത, എന്തും ചെയ്യാവുന്ന ഒരു കാലഘട്ടം

**പ**ണ്ട്, എന്നുവച്ചാൽ, ഒരു നൂറ്റാണ്ടു മുമ്പുവരെ, സ്ക്കൂളിൽ പോകുന്ന ഒരു വിദ്യാർത്ഥിയെ ആരെങ്കിലും വഴിക്കുവച്ച് ശകാരിച്ചാൽ, പിറ്റേ ദിവസം പോലീസെത്തി ശകാരിച്ചവനെ പിടിച്ചുകൊണ്ടു പോകുമായിരുന്നു.

ഒരു വിദ്യാർത്ഥിയുടെ ചിത്രത്തോടുകൂടിയ ഒരു കമ്പിക്കാൽ റോഡരികിൽ സ്ഥാപിച്ചാൽ, ആ സ്ക്കൂൾ പരിസരം കഴിയുന്നതുവരെ ഡ്രൈവർമാർ വാഹനത്തിന്റെ വേഗത പകുതിയാക്കി കുറയ്ക്കുമായിരുന്നു.

മുഷിഞ്ഞൊരു മുണ്ടും ചുറ്റി കക്ഷത്തൊരു ഡയറിയുമായി ഒരു പത്രപ്രവർത്തകൻ കയറിവന്നാൽ ഏതു പൗരനും അയാളെ മാനിക്കുകയും നാട്ടിലെ യഥാർത്ഥ സ്ഥിതികൾ അയാളോട് തുറന്നു പറയുകയും ചെയ്യുമായിരുന്നു. കാരണം, ചോദിക്കാനും പറയാനും ആളുണ്ടായിരുന്ന കാലമായിരുന്നു അത്.

ഇന്ന് സ്ഥിതിഗതികളെല്ലാം പോകുന്നത് നേരെ മറിച്ചാണ്. ആർക്കും ആരേയും എന്തും ചെയ്യാം. ചോദിക്കാനും പറയാനും ആരുമില്ല. റോഡിലിറങ്ങി നടക്കാൻ കുട്ടികൾക്കിന്ന് ഭയമാണ്. സ്വന്തം ജീവൻ അപകടത്തിലാണെന്ന ബോധത്തോടെയാണ് പത്രപ്രവർത്തകർ വീടുവിട്ട് പുറത്തിറങ്ങുന്നത്. ഈയിടെ കൊല്ലപ്പെട്ട രണ്ടു പാക് പത്രപ്രവർത്തകരും മുൻകൂട്ടി മരണപത്രം എഴുതിവച്ച് ജീവിക്കുന്നവരായിരുന്നുവെന്നു പറഞ്ഞാൽ, ഇന്നത്തെ അരക്ഷിതാവസ്ഥയെക്കുറിച്ച് ജനങ്ങൾക്ക് ഏതാണ്ട് ഒരു ഊഹം കിട്ടുമല്ലൊ.

മുംബായിൽനിന്നു പ്രസിദ്ധീകരിക്കുന്ന ഒരു പത്രമാണ് "മിഡ് ഡേ". നഗരത്തിലെ കുറ്റകൃത്യങ്ങളെക്കുറിച്ച് അന്വേഷിച്ചയക്കുന്ന വാർത്തകൾ കൈകാര്യം ചെയ്യുന്ന എഡിറ്ററായിരുന്നു ജ്യോതേന്ദ്ര ഡേ. മിടുക്കനായ ഒരു പത്രപ്രവർത്തകനായിരുന്നു അദ്ദേഹം. ഒരു ഫോട്ടോഗ്രാഫറായി 1996ൽ പത്രപ്രവർത്തന രംഗത്ത് പ്രവേശിച്ച ഡേ, 1996 മുതൽ 2005 വരെ ഇന്ത്യൻ എക്സ്പ്രസ്സിലും പിന്നീട് മൂന്നു കൊല്ലം ഹിന്ദുസ്ഥാൻ ടൈംസിലും ഒടുവിൽ "മിഡ് ഡേ"യിലും സേവനമനുഷ്ഠിച്ചു. നഗരത്തിലെ കുറ്റകൃത്യങ്ങളെക്കുറിച്ചും ക്രിമിനലുകളെക്കുറിച്ചും അഗാധ ജ്ഞാനമുള്ള അപൂർവ്വം പത്രപ്രവർത്തകരിലൊരാളായിരുന്നു ഡേ. "നഗരത്തിലെ അധോലോകത്തിലേക്കൊരു മാർഗ്ഗദർശി", "കുറ്റകൃത്യങ്ങളെക്കുറിച്ച് വിവരം നൽകുന്നവർ നേരിടുന്ന ആപത്ത്" തുടങ്ങിയ പല കൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്. വാസ്തവത്തിൽ, കഴിഞ്ഞ നാലു കൊല്ലമായി മിഡ് ഡേയുടെ നെടുംതൂണ് ഡേ ആയിരുന്നുവെന്ന് പത്രാധിപരായ സചിൻ കൽബാഗ്തന്നെ പറയുന്നു.

ക്രിമിനലുകൾ അഴിഞ്ഞാട്ടം നടത്തുന്ന ഒരു കാലഘട്ടമാണിത്. മുംബായ് ആകട്ടെ, ക്രിമിനലുകളുടെ വിളനിലവുമാണ്. രാഷ്ട്രീയക്കാരും പോലീസ് പോലും ഇവർക്ക് താങ്ങും തണലുമായി നിൽക്കുന്നുവെന്നതാണ് വാസ്തവം. സത്യസന്ധനായ ഏതു ഉദ്യോഗസ്ഥനേയും മണിക്കൂറുകൾക്കകം ഏതെങ്കിലും കാട്ടുമൂലയിലേക്ക് സ്ഥലം മാറ്റിക്കാൻ ക്രിമിനലുകൾക്ക് കഴിവുണ്ട്. ക്രിമിനൽ ലോകത്തെക്കുറിച്ച് ഡേക്കുള്ള അഗാധ ജ്ഞാനത്തെപ്പറ്റി രാഷ്ട്രീയക്കാർക്കും ഉദ്യോഗസ്ഥന്മാർക്കുമെന്നല്ല ക്രിമിനലുകൾക്കും നന്നായറിയാം. ചുരുക്കത്തിൽ അദ്ദേഹം എല്ലാവരുടേയും കണ്ണിൽ

കരടായി കഴിയുകയായിരുന്നു.

നഗരത്തിലെ പണക്കാർ ജീവിക്കുന്ന ഹീരനന്ദിനി ഗാർഡൻസ് പ്രദേശത്ത് ജൂൺ 11ന്ന് ഉച്ചതിരിഞ്ഞ് മൂന്നുമണിക്കാണ് ഡേ വധിക്കപ്പെട്ടത്. മുഖംമൂടി ധരിച്ച നാലുപേർ പെട്ടെന്നു പ്രത്യക്ഷപ്പെട്ട് ഡേയുടെ നേരെ മതിയാവോളം വെടി വയ്ക്കുകയാണുണ്ടായത്. ഒമ്പത് വെടിയുണ്ടകൾ ശരീരത്തിൽ കയറിയതായി പോലീസ് പറയുന്നു. അക്രമികൾ ആരാണെന്നോ ആക്രമണത്തിന്റെ കാരണം എന്താണെന്നോ ആർക്കും ഊഹിക്കാൻ പോലും, ഒരാഴ്ചത്തെ അന്വേഷണം കഴിഞ്ഞിട്ടും സാധിച്ചിട്ടില്ല.

കുറച്ചു കാലമായി ഡേ മുംബായ് അധോലോകത്തെക്കുറിച്ച് കാര്യമായൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല എന്നതാണ് പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നത്. അധോലോകത്തിൽപെട്ടവരിൽ ഒട്ടേറെ പേരുമായി ഡേക്ക് പരിചയമുണ്ടായിരുന്നു. എന്നാൽ കുറച്ചുകാലമായി ഇവരിൽനിന്ന് പ്രത്യേകിച്ചൊരു വിവരവും ഡേക്ക് ചോർത്തിയെടുക്കാൻ കഴിഞ്ഞിരുന്നില്ല. വാർത്തകളുടെ ഉറവിടമെല്ലാം വറ്റിപ്പോയ ഒരു പ്രതീതിയാണ് ഇതുളവാക്കിയിരുന്നത്.

ഏതാണ്ട് ഇരുപതു കൊല്ലമായി ക്രിമിനൽ ലോകവുമായി ബന്ധപ്പെട്ടിട്ടുള്ള ഡേ ചെറുപ്പക്കാരായ സഹപ്രവർത്തകർക്ക് ഒരു ഗുരുവും മാർഗ്ഗദർശിയുമായിരുന്നു. മുംബായിലെ ക്രൈം റിപ്പോർട്ടർമാരെല്ലാം ഡേയെ വളരെ ആദരപൂർവ്വമാണ് സമീപിച്ചിരുന്നത്. അധോലോകത്തിൽനിന്നു പോലും ഡേക്ക് ഒരു ഭീഷണിയുമുണ്ടായിരുന്നില്ല എന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. ക്രിമിനലുകളോടുപോലും ഡേ നീതിപൂർവ്വമേ പെരുമാറാറുള്ളൂ. അധോലോകത്തേക്കാൾ ഉപരിലോകത്തിലെ മാഫിയകളാണ് പത്രക്കാർക്ക് ഭീഷണിയായി തീരുന്നത്. രാഷ്ട്രീയക്കാർ, ബിസിനസ്സുകാർ എന്നിങ്ങനെയുള്ള നിക്ഷിപ്ത താല്പര്യക്കാർ ഏറെയാണ്. പത്രക്കാർക്ക് സ്വതവേ പലതരം ഭീഷണികളേയും നേരിടേണ്ടിവരും. പക്ഷേ ജീവനെടുത്തുള്ള പന്താട്ടം നിക്ഷിപ്ത താൽപര്യക്കാരിൽനിന്ന് ഉണ്ടാകാറില്ല. നാനാ തരത്തിലുള്ള ദ്രോഹങ്ങൾകൊണ്ട് പൊറുതിമുട്ടിക്കുകയാണ് അവരുടെ തന്ത്രം. അതിനെ നേരിടുകയേ നിവൃത്തിയുള്ളൂ.

പത്രക്കാർക്കെതിരെ അക്രമങ്ങൾ ഇപ്പോൾ വ്യാപകമാണ്. ഒരു അനുശോചന സന്ദേശം ഇറക്കുന്നതിന്നപ്പുറം ഗവർമ്മേണ്ട് എന്താണ് ചെയ്യുന്നത്. 1990കളിലെ ഉദാരവൽക്കരണത്തോടെ രാഷ്ട്രീയക്കാരും ബിസിനസ്സുകാരും ഉദ്യോഗസ്ഥ പ്രമുഖരും ക്രിമിനലുകളുമുൾപ്പെട്ട ഒരു മാഫിയ വളർന്നു വന്നിട്ടുണ്ട്. ഏതെങ്കിലും സംഭവത്തിൽ ഒരു കേസെടുത്താൽതന്നെ അതെങ്ങും എത്താതെ നീണ്ടുപോകും. ഒരു നോട്ടീസ് കൈവശം വച്ചതിന്ന് രാജ്യദ്രോഹ കുറ്റം ചുമത്തി ജീവപര്യന്തം തടവിനു ശിക്ഷിക്കുന്ന ഒരു നാട്ടിൽ, പത്രക്കാരെ ആക്രമിക്കുകയും പത്രമാപ്പീസുകൾ തല്ലി തകർക്കുകയും ചെയ്താലും ഒരാളും ശിക്ഷിക്കപ്പെടില്ല. അഴിമതിയിൽ ആണ്ടുകിടക്കുന്ന കേരളത്തിൽ അഴിമതിക്ക് ഒരു രാഷ്ട്രീയ നേതാവ് ശിക്ഷിക്കപ്പെടുമ്പോൾ, ജ: വി. ആർ. കൃഷ്ണയ്യരെപ്പോലെയുള്ള ഒരാൾക്കുപോലും അത് ആഘോഷിക്കപ്പെടേണ്ട ഒരു വിഷയമായിത്തീരുന്നത് അതിനാലാണ്.

പത്രക്കാരുടെ വായ മൂടിക്കെട്ടുക എളുപ്പമാണ്. പക്ഷെ, ഇതിന്റെ ആത്യന്തിക ഫലം എന്താണെന്ന് പ്രധാനമന്ത്രിമുതൽ മുഖ്യമന്ത്രിവരെയുള്ളവർ ചിന്തിച്ചിട്ടുണ്ടോ? ഗ്യാസിന്ന് ഒരു പരിധിയിൽ കവിഞ്ഞ് ചൂടുപിടിച്ചാൽ സിലിണ്ടർ പൊട്ടിത്തെറിക്കും. അപ്പോൾ പ്രധാനമന്ത്രിമുതൽ മുഖ്യമന്ത്രിവരെയുള്ളവർ മാത്രമല്ല, ജനങ്ങളും ഛിന്നഭിന്നമായി ചിതറിപ്പോകും. സാമൂഹ്യ ജീവിതത്തിൽ സമനില നിലനിർത്തുന്നത് പത്രക്കാരാണ്. അവർക്ക് പ്രവർത്തന സ്വാതന്ത്ര്യത്തിന്ന് ഉറപ്പു നൽകേണ്ടത്, അവരുടെ സുരക്ഷിതത്വത്തിന്ന് മാത്രമല്ല, എല്ലാവരുടേയും സുരക്ഷിതത്വത്തിന്നും ഒരാവശ്യമാണ്. ❑



# ആരാണീ ബാബ രാംദേവ്?

ജൂൺ ഒന്നാം തിയ്യതി ഉച്ചക്ക് ബാബ രാംദേവ് സ്വന്തം വിമാനത്തിൽ ദൽഹി വിമാനത്താവളത്തിൽ വന്നിറങ്ങിയപ്പോൾ, അദ്ദേഹത്തെ സ്വീകരിക്കാൻ ഒന്നല്ല, രണ്ടല്ല, നാലുകേന്ദ്രമന്ത്രിമാരാണ് ഹാജരായിരുന്നത്. രാഷ്ട്രത്തലവന്മാർ വരുമ്പോൾ പോലും ഒന്നോ രണ്ടോ മന്ത്രിമാരേ വിമാനത്താവളത്തിൽ എത്താറുള്ളൂ. അപ്പോൾ എന്താണീ ബാബ രാംദേവിന്ന് ഇത്ര പ്രത്യേകത? അദ്ദേഹം യോഗാഭ്യാസം പ്രചരിപ്പിക്കുന്ന ഒരു ഗുരുവാണെന്നത് ശരിതന്നെ; ഒരുപാട് സ്വത്തുണ്ടെന്നതും ശരി പക്ഷെ -

ബാബ രാംദേവ് ഹരിയാനയിലെ ഒരു യാദവ കുടുംബാംഗമാണ്. വയസ്സ് 45. ഹൈസ്കൂളിൽവച്ച് പഠിപ്പു നിർത്തി പിന്നീട് ഹരിദ്വാരിൽ പോയി ഒരു യോഗാഭ്യാസിയുടെ ശിഷ്യനായി ഗുരുമരിച്ചപ്പോൾ സ്വത്തെല്ലാം രാംദേവിന്നു ലഭിച്ചുവെന്നു പറയുന്നു. യോഗാഭ്യാസ പ്രചരണത്തിലൂടെ കുറെ ശിഷ്യന്മാരേയും അനുയായികളേയും സമ്പാദിച്ചിട്ടുണ്ട്. കാവിവസ്ത്രവും മെതിയടിയുമായി വരുന്ന ആരെ കണ്ടാലും വണങ്ങുന്നവരാണല്ലൊ ഇന്ത്യക്കാർ, അഴിമതിക്കാരെ തൂക്കിക്കൊല്ലണമെന്നും വിദേശത്തെ ബാങ്കുകളിൽ ഇന്ത്യക്കാർ നിക്ഷേപിച്ചിട്ടുള്ള കള്ളപ്പണം വീണ്ടെടുക്കണമെന്നുമാണ് ബാബയുടെ പ്രധാനപ്പെട്ട ആവശ്യങ്ങൾ.

ബാബ ഇതുവരെ ബിസിനസ്സ് രംഗത്താണ് ശ്രദ്ധിച്ചിരുന്നത്. ഇപ്പോൾ അദ്ദേഹം രാഷ്ട്രീയത്തിലും പ്രവേശിച്ചിരിക്കുന്നു. സ്വന്തമൊരു രാഷ്ട്രീയകക്ഷിയുണ്ടാക്കുമെന്നും, ചേരാവുന്ന മറ്റു പാർട്ടികളെ അതിൽ ചേർക്കുമെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. വെറും 15 കൊല്ലംകൊണ്ട് ആയിരം കോടി രൂപയിലധികം ആസ്തിയുള്ള ഒരു ബിസിനസ്സ് സാമ്രാജ്യം പടുത്തുയർത്താൻ കഴിഞ്ഞ ഒരാൾക്ക്, കഴിയാത്ത കാര്യങ്ങളൊന്നുമുണ്ടാവില്ല. ഇന്ത്യക്കകത്തും പുറത്തുമായി നൂറുകണക്കിന്ന് യോഗാഭ്യാസ കേന്ദ്രങ്ങളും ആസ്പത്രികളും വിശ്രമകേന്ദ്രങ്ങളും അദ്ദേഹം സ്ഥാപിച്ചിട്ടുണ്ട്.

തന്റെ രാഷ്ട്രീയ കക്ഷിക്ക് അടിസ്ഥാനമായി ബാബ ഒരു അഞ്ചിന പരിപാടി പ്രഖ്യാപിച്ചിട്ടുണ്ട്. അഴിമതിക്കാരേയും കള്ളപ്പണക്കാരേയും കഴുമരത്തിലിടൽ, വിദേശത്തുള്ള കള്ളപ്പണം ഇന്ത്യയിലേക്ക് കൊണ്ടുവരൽ, കള്ളപ്പണമുണ്ടാക്കാൻ ഉപയോഗിക്കുന്ന "മൗറീഷ്യസ്സ് മാർഗ്ഗം" അടയ്ക്കൽ, 12 വിദേശ ബാങ്കുകളുടെ ലൈസൻസ് റദ്ദാക്കൽ എന്നിവയാണവ.

തനിക്ക് നൂറുകോടി അനുയായികളുണ്ടെന്ന് ബാബ അവകാശപ്പെടുന്നു. അത് അതിശയോക്തിയാണെങ്കിലും, ആരാധകർ ധാരാളമുണ്ട്. ബാബക്ക് ഹരിദ്വാരിൽ രണ്ടു ട്രസ്റ്റുകളുണ്ട്.(1) പതഞ്ജലി യോഗപീഠ ട്രസ്റ്റ്, (2) ദിവ്യയോഗിമന്ദിര ട്രസ്റ്റ്. യോഗാഭ്യാസവും ആരോഗ്യ സംരക്ഷണവും പഠിപ്പിക്കുന്ന കേന്ദ്രങ്ങളിൽനിന്നുള്ള വരുമാനം അമ്പതുകോടി വരും; ഔഷധ വിൽപ്പന വകയിൽ വേറൊരു 50 കോടി വരുമാനമുണ്ട്. രണ്ടു കോടിയിൽപരം രൂപയുടെ പുസ്തക വില്പനയും നടക്കുന്നു.

ബ്രിട്ടനിലുള്ള ഇന്ത്യക്കാരായ പ്രവാസി ദമ്പതികൾ സ്കോട്ലാൻഡിനടുത്ത് ഒരു കൊച്ചു ദ്വീപു വാങ്ങി ബാബക്ക് സമ്മാനിച്ചിട്ടുണ്ട്. ഒരാശ്രമ നിർമ്മാണമാണ് ഉദ്ദേശം. ഈ ദ്വീപിന്ന് 17 കോടി രൂപ വിലവരും. ഹരിദ്വാറിലെ ട്രസ്റ്റുകൾ സ്ഥിതിചെയ്യുന്ന ആയിരം ഏക്കർ ഭൂമിക്ക് 1115 കോടി വിലവരും. ഹരിദ്വാരിൽതന്നെ 500 കോടി ചെലവഴിച്ച് ഒരു ഫുഡ് പാർക്ക് ഉണ്ടാക്കിയിട്ടുണ്ട്. ഹരിദ്വാരിൽ ഒരു പതഞ്ജലി യൂനിവേഴ്സിറ്റി സ്ഥാപിക്കാൻ പ്ലാനുണ്ട്. ഇതിന്ന് 100 കോടിയെങ്കിലും വരും. ഹിമാചല പ്രദേശിലെ സോലണിൽ 38 ഏക്കർ ഭൂമിയുണ്ട്. ഇതിന്ന് 90 കോടി വിലമതിപ്പുണ്ട്.

ഉയർന്ന പരീക്ഷായോഗ്യതയുള്ള മിടുക്കരായ ഉദ്യോഗസ്ഥന്മാരാണ് ഈ

# പരസ്യമായ സംവാദത്തിന്ന് ശാന്തി ഭൂഷണന്റെ ക്ഷണം

- കെ. ബാൽ ചന്ദ് -

ലോകപാൽ ബില്ലിന്റെ കരടു രൂപം തയ്യാറാക്കുന്നതിന്നായി നിയോഗിക്കപ്പെട്ടിരിക്കുന്ന കമ്മിറ്റിയിലെ അനൗദ്യോഗികാംഗങ്ങൾ ഔദ്യോഗികാംഗങ്ങളെ പരസ്യമായൊരു സംവാദത്തിന്ന് ക്ഷണിച്ചു.

അഞ്ച് കേന്ദ്രമന്ത്രിമാരും അഞ്ച് അനൗദ്യോഗികാംഗങ്ങളും ഉൾപ്പെട്ട കമ്മിറ്റി മേയ് 30ന്ന് സമ്മേളിച്ചിരുന്നു. അന്നു ആറുവിഷയങ്ങളിൽ തർക്കമുത്ഭവിച്ചതിനെത്തുടർന്ന് ചർച്ച നീട്ടിവച്ചിരുന്നു. പ്രഥമ യോഗത്തിൽ ഉയർന്നുവന്ന ആറു തർക്ക വിഷയങ്ങളെപ്പറ്റി ദേശീയ തലത്തിൽ ഒരു സംവാദം നടത്തുന്നതിന്ന് കമ്മിറ്റിയുടെ അധ്യക്ഷനും ധനകാര്യമന്ത്രിയുമായ പ്രണവകുമാർ മുക്കർജിക്ക് കമ്മിറ്റിയുടെ ഉപാധ്യക്ഷനായ ശാന്തിഭൂഷണനാണ് ക്ഷണമയച്ചത്.

കമ്മിറ്റിയിലെ അനൗദ്യോഗികാംഗങ്ങളിൽ കർണ്ണാടക ലോകായുക്തയായ ഹെഗ്ഡെ ഒഴിച്ചുള്ളവർ പങ്കെടുക്കുമെന്നും കമ്മിറ്റിയിലെ ഔദ്യോഗികാംഗങ്ങളിൽ കഴിയുന്നത്ര പേർ സംവാദത്തിൽ പങ്കെടുക്കണമെന്നും ശാന്തിഭൂഷൺ നിർദ്ദേശിക്കുന്നു. കമ്മിറ്റി മുമ്പാകെയുള്ള തർക്ക വിഷയങ്ങളുടെ ഗുണദോഷങ്ങളെപ്പറ്റി ജനങ്ങളെ ഉദ്ബുദ്ധരാക്കേണ്ടത് ആവശ്യമാണെന്ന് ശാന്തിഭൂഷൺ ചൂണ്ടിക്കാട്ടുന്നു. ഈ സംവാദം ദേശീയ തലത്തിലും പ്രാദേശിക തലത്തിലുമുള്ള പല ടെലിവിഷൻ ചാനലുകളും സംപ്രേഷണം ചെയ്യാനിടയുണ്ടെന്നും, പ്രശ്നങ്ങളുടെ എല്ലാ വശങ്ങളും മനസ്സിലാക്കാൻ ഇത് ജനങ്ങളെ സഹായിക്കുമെന്നും അദ്ദേഹം അനുസ്മരിപ്പിച്ചു.

സംവാദത്തിൽ ഹെഗ്ഡെ ഒഴിച്ചുള്ള നാലു അനൗദ്യോഗികാംഗങ്ങളും പങ്കെടുക്കാനിയടുണ്ട്. ഔദ്യോഗികാംഗങ്ങളായ അഞ്ചു മന്ത്രിമാരും സംവാദത്തിൽ പങ്കെടുക്കുന്നതാണ് അഭികാമ്യം. അഞ്ചു മന്ത്രിമാർക്ക് സംവാദത്തിൽ പങ്കെടുക്കാനാവുന്നില്ലെങ്കിൽ കഴിയുന്നത്ര മന്ത്രിമാരെ പങ്കെടുപ്പിക്കണമെന്നും, മന്ത്രിമാരുടെ സൗകര്യത്തിന്നനുസൃതമായി സംവാദ തിയ്യതി മാറ്റാൻ വിരോധമില്ലെന്നും അദ്ദേഹം പ്രണവകുമാർ മുക്കർജിക്കുള്ള കത്തിൽ പറഞ്ഞിട്ടുണ്ട്.

ഇന്ത്യയുടെ മുൻ ചീഫ് ജസ്റ്റീസായ ജ. ജെ.എസ്. വർമ്മയേയോ അല്ലെങ്കിൽ മാറ്റാരെ വേണമെങ്കിലുമോ സംവാദ വേദിയിൽ അധ്യക്ഷനാക്കാമെന്നും ശാന്തി ഭൂഷൺ നിർദ്ദേശിച്ചു. ❑

---

സ്ഥാപനങ്ങളിൽ ഓരോന്നും ഭരിക്കുന്നത്. ബി.ജെ.പി. യിൽനിന്നു കുറച്ചു കാലം മുമ്പ് പുറത്താക്കപ്പെട്ട ഗോവിന്ദാചാര്യ എന്ന സൈദ്ധാന്തികനാണ് ബാബയുടെ ഉപദേഷ്ടാവെന്നാണ് ശ്രുതി. 2014 ലെ പൊതു തിരഞ്ഞെടുപ്പിൽ സകല ലോകസഭാ സീറ്റുകളിലും തന്റെ പാർട്ടി മത്സരിക്കുമെന്ന് ബാബ പറഞ്ഞിട്ടുണ്ട്. അഴിമതിക്കാരെയെല്ലാം തൂക്കികൊന്നാൽ ബാബയുടെ പാർട്ടിയിൽ ചേരാൻ ബാക്കി എത്രപേരുണ്ടാകും? സന്യാസിമാർക്ക് ജനങ്ങൾ വോട്ടുചെയ്യുമോ? പ്രശസ്തരായ എത്രയോ സിനിമാതാരങ്ങൾ തോറ്റു പിന്മാറിയിരിക്കുന്നു! ഒരു പക്ഷെ അതറിയാവുന്നതുകൊണ്ടാകാം ബാബ "മുന്നണി"യുണ്ടാക്കാൻ ശ്രമിക്കുന്നത്. ❑



# മാവോയിസ്റ്റ് സാഹിത്യം കൈവശം വയ്ക്കുന്നത് ഒരു കുറ്റമാവില്ല

- ജെ. വെങ്കടേശൻ -

മാവോയിസ്റ്റ് പ്രത്യയശാസ്ത്രത്തെ പ്രകീർത്തിക്കുന്ന ലഘുരേഖകളും മറ്റും കൈവശം വച്ചു എന്നതുകൊണ്ടുമാത്രം ഒരാൾ രാജ്യദ്രോഹിയാവില്ലെന്ന് സുപ്രീം കോടതി മേയ് 31ന്ന് വിധിച്ചു. പൗരാവകാശ പ്രവർത്തകനായ ഡോ. വിനായക് സെന്നിനോടൊപ്പം അറസ്റ്റ് ചെയ്യപ്പെട്ടിരുന്ന കൽക്കത്തയിലെ ഒരു ബിസിനസ്സുകാരനായ പിയൂഷ് ഗുഹയുടെ ജീവപര്യന്തം തടവുശിക്ഷ സസ്പെന്റ് ചെയ്തുകൊണ്ടാണ് സുപ്രീം കോടതി ഈ വിധി പ്രഖ്യാപിച്ചത്. ഗുഹയോടൊപ്പം ജീവപര്യന്തം തടവുശിക്ഷക്ക് വിധിക്കപ്പെട്ടിരുന്ന ഡോ. വിനായക് സെന്നിന്റെ ശിക്ഷ ഒരു കൊല്ലം മുമ്പുതന്നെ സുപ്രീം കോടതി സസ്പെന്റ് ചെയ്തിരുന്നു.

ജ. ജി. എസ്. സിങ്‌വിയും സി. കെ. പ്രസാദുമടങ്ങിയ ഡിവിഷൻ ബഞ്ചിലാണ് ഗുഹയുടെ കേസ് വിചാരണക്കു വന്നത്. ഗുഹക്കുവേണ്ടി പ്രശാന്ത് ഭൂഷൺ കോടതിയിൽ ഹാജരായി വാദം നടത്തി. ഛത്തീസ് ഗഡ് ഗവർമ്മേണ്ടിന്നുവേണ്ടി വാദം നടത്തിയത് യു.യു. ലളിത് ആണ്. ഗുഹയുടെ ശിക്ഷ സസ്പെൻഡ് ചെയ്തുകൊണ്ടും അദ്ദേഹത്തിന്ന് ജാമ്യമനുവദിച്ചുകൊണ്ടുമുള്ളതാണ് സുപ്രീംകോടതിയുടെ വിധി. ഈ വിധി വന്നപ്പോഴേക്കും ഗുഹ ജയിൽവാസമാരംഭിച്ചിട്ട് നാലു കൊല്ലമായിരുന്നു.

ഗുഹ മാവോയിസ്റ്റ് സാഹിത്യങ്ങൾ വിതരണം ചെയ്തുവരികയായിരുന്നുവെന്നതിന്ന് തെളിവുണ്ടെന്ന് ലളിത് വാദിച്ചു. ഗുഹയുടെ കാര്യം ഡോ. സെന്നിന്റെ കേസിനോട് താരതമ്യപ്പെടുത്താനാവില്ലെന്നും അദ്ദേഹം വാദിച്ചു. ഗുഹക്കെതിരെ മറ്റെന്തെങ്കിലും തെളിവു ചൂണ്ടിക്കാണിക്കാനുണ്ടോ എന്ന് ജ. സിങ്‌വി ചോദിച്ചപ്പോൾ ലളിതിന്ന് പ്രത്യേകിച്ചൊന്നും പറയാനുണ്ടായിരുന്നില്ല. മാവോയിസ്റ്റ് നേതാവായ സന്യാലുമായി ഗുഹക്ക് ഗാഢബന്ധമുണ്ടെന്നും, പോലീസിനെ വധിച്ചതിനെ അദ്ദേഹം പ്രകീർത്തിച്ചിട്ടുണ്ടെന്നും ലളിത് വാദിച്ചു. പുരുളിയയിൽ ആയുധങ്ങൾ കൊണ്ടുവന്നിറക്കിയ കേസിലും ഗുഹ പ്രതിയാണെന്നും, പക്ഷെ കുറ്റപത്രമൊന്നും തയ്യാറാക്കി സമർപ്പിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

കോടതി ഇതെല്ലാം നിരാകരിച്ചു. കോടതിക്ക് ഊഹങ്ങളുടെ അടിസ്ഥാനത്തിൽ മുന്നോട്ടു പോകാനാവില്ലെന്ന് ജ. പ്രസാദ് പറഞ്ഞു. സന്യാലിന്റെ പ്രവർത്തനങ്ങളെ പ്രശംസിക്കുന്ന സാഹിത്യം ഗുഹയുടെ കയ്യിൽനിന്നു പിടിച്ചെടുത്തിട്ടുണ്ടെന്ന് ലളിത് വാദിച്ചപ്പോൾ, ആ വാക്കിന്നൊരു നിശ്ചിതാർത്ഥം കല്പിക്കാനാവില്ലെന്നും, അത് വേറൊരു സാഹചര്യത്തിൽ പറഞ്ഞതാണെന്നും ജ. സിങ്‌വി ചൂണ്ടിക്കാട്ടി. ആളും തരവും മാറുന്നതിന്നനുസൃതമായി വാക്കുകളുടെ അർത്ഥത്തിന്നും മാറ്റം വരാമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. സ്വാതന്ത്ര്യ സമരകാലത്ത് വിപ്ലവം എന്ന വാക്കിന്ന് വ്യത്യസ്തമായ അർത്ഥമാണ് കല്പിക്കപ്പെട്ടിരുന്നതെന്ന് ജ. സിങ്‌വി ഓർമ്മിപ്പിച്ചു. ശരിയായ തെളിവില്ലാതെ കോടതിക്ക് ഒരാളെ ശിക്ഷിക്കാനാവില്ല. ചില മാവോയിസ്റ്റ് സാഹിത്യങ്ങൾ കൈവശം വച്ചുവെന്നതിനപ്പുറം ഈ കേസിൽ

# ബോംബ് എറിയുന്നതിലും ഭേദമല്ലേ ചെരിപ്പ് എറിയുന്നത്?

**- മോണ്ടസാർ അൽ സെയ്ദി -**

പ്രസിഡണ്ട് ബുഷ് ഇറാഖി തലസ്ഥാനമായ ബാഗ്ദാദിൽ ഒരു പത്രസമ്മേളം നടത്തുന്നതിന്നിടയിൽ അദ്ദേഹത്തിന്റെ നേരെ ചെരിപ്പെറിഞ്ഞിട്ടിപ്പോൾ കൊല്ലം മൂന്നായി. അന്ന് ആ സാഹസകൃത്യം നടത്തിയ ഇറാഖി പത്രപ്രവർത്തകനായ മോണ്ടസാർ അൽ സെയ്ദി ഈയിടെ ദൽഹിയിൽ എത്തിയിരുന്നു. ഫിലിം നിർമ്മാതാവായ മഹേശ് ഭട്ടിന്റെ ക്ഷണമനുസരിച്ച് രണ്ടു ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന്നാണ് ഒരു ഗാന്ധി ഭക്തൻ കൂടിയായ അൽസെയ്ദി ഇന്ത്യയിൽ എത്തിയിരുന്നത്.

ബുഷിന്റെ നേരെ നടത്തിയ ചെരിപ്പേറിനെപ്പറ്റി ചോദിച്ചപ്പോൾ അൽ സെയ്ദിയുടെ വിശദീകരണം ലളിതമായിരുന്നു- "ബോബ് എറിയുന്നതിനേക്കാൾ ഭേദമല്ലേ ചെരിപ്പൂരി എറിയുന്നത്" എന്നൊരു മറുചോദ്യമായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ചെരിപ്പേറിന്നുമുമ്പും പിമ്പുമുണ്ടായ അനുഭവങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് അദ്ദേഹം രചിച്ച കൃതിയാണ് "അവസാനത്തെ അഭിവാദ്യം". രണ്ടു ദശാബ്ദക്കാലമായി സിനിമാരംഗത്തു പ്രവർത്തിച്ചുവരുന്ന ഭട്ടിനെ ഈ ഗ്രന്ഥം വല്ലാതെ ആകർഷിച്ചിട്ടുണ്ട്. ഈ കൃതി ആസ്പദമാക്കിക്കൊണ്ട് ഒരു നാടകം സംവിധാനം ചെയ്യുന്ന തിരക്കിലാണദ്ദേഹമിപ്പോൾ.

അൽ സെയ്ദിയെ ഇന്ത്യയിൽ കൊണ്ടുവരുന്നത് എളുപ്പമായിരുന്നില്ല. അദ്ദേഹത്തിന്നൊരു വിസ സമ്പാദിക്കുന്നതുതന്നെ വിഷമകരമായിരുന്നു. താൻ ആഭ്യന്തര മന്ത്രി കാര്യാലയവുമായി പലതവണ ഇടപെട്ടതിന്നുശേഷമാണ് അൽസെയ്ദിക്കൊരു വിസ കിട്ടിയതെന്ന് ഭട്ട് പറയുന്നു. അതും 15 ദിവസത്തേക്കുമാത്രം.

അൽസെയ്ദി ആരോഗ്യവാനായി കാണപ്പെട്ടു. എങ്കിലും അദ്ദേഹം ക്ഷീണിതനും ചിന്താശീലനുമായി തോന്നി. ബൂഷിന്നെതിരെ ചെരിപ്പ് എറിഞ്ഞത് മുൻകൂട്ടി ചിന്തിച്ചുറപ്പിച്ചുതന്നെയായിരുന്നുവെന്ന് അദ്ദേഹം സമ്മതിച്ചു. ➡

ഇറാഖിലെ അമേരിക്കൻ ഭടന്മാരുടെ തോക്കിന്നിരയായി എട്ടുവയസ്സുള്ള സോഹ്റ എന്ന പെൺകുട്ടി പിടഞ്ഞു മരിക്കുന്നതു കണ്ടപ്പോൾ തനിക്ക് സമനില തെറ്റിയെന്ന് അൽസെയ്ദി പറയുന്നു. "എന്റെ ജീവൻ പോയാലും വേണ്ടില്ല ബുഷിനെ ഒരു പാഠം പഠിപ്പിക്കണമെന്ന് ഞാനപ്പോഴേ തീരുമാനിച്ചതാണെ"ന്ന് അദ്ദേഹം പറഞ്ഞു.

പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്നുറപ്പിച്ചതോടെ താനൊരു മരണപത്രം എഴുതിവച്ചുവെന്നും തന്റെ സ്വത്തെല്ലാം അഞ്ചു സഹോദരിമാർക്കും മൂന്നു സഹോദരന്മാർക്കും ഭാഗിച്ചു കൊടുത്തുവെന്നും അൽസെയ്ദി പറഞ്ഞു. ചെരിപ്പേറിനെത്തുടർന്ന് ഇറാഖി പ്രധാനമന്ത്രിയുടെ രക്ഷാസേന പിടികൂടി പലവിധ ദണ്ഡനമുറകൾക്കിരയാക്കിയെന്നും അദ്ദേഹം വെളിപ്പെടുത്തി. രണ്ടുകയ്യും ഒരു കാലും അവർ തല്ലിയൊടിച്ചു; മുൻഭാഗത്തെ പല്ലു തല്ലി കൊഴിച്ചു. പല തവണ എലക്ട്രിക് ഷോക്കിന്നരയാക്കി. പിടികൂടിയ ശേഷം മൂന്നുമാസക്കാലം പലവിധ ദണ്ഡനങ്ങൾക്കും ഇരയാക്കി. "നിന്നെ ആരാണിതിന്ന് നിയോഗിച്ചത്" എന്നു ചോദിച്ചുകൊണ്ടായിരുന്നു ഭേദ്യം മുഴുവനും. "എന്റെ മനസ്സാക്ഷി" എന്നു ഞാൻ അലറും. ഏതെങ്കിലുമൊരു ഭീകര സംഘടനയുടെ പേർ ചോർത്തിയെടുക്കാനായിരുന്നു ഈ ദണ്ഡനമെല്ലാം. നല്ല ആരോഗ്യമുണ്ടായിരുന്നതിനാൽ ഞാൻ ചത്തില്ലെന്നേയുള്ളൂ. ഏതെങ്കിലും ദുർബ്ബലനായിരുന്നുവെങ്കിൽ അന്നുതന്നെ കഥ കഴിയുമായിരുന്നു" എന്ന് അൽ സെയ്ദി പറഞ്ഞു.

മൂന്നുമാസത്തെ ഭേദ്യമുറകൾക്കു ശേഷം അൽസെയ്ദിയെ ചെറിയൊരു മുറിയിൽ ഏകാന്ത തടവിലിട്ടു. ആ ഏകാന്ത തടവാണ് പുസ്തകം രചിക്കാൻ കാരണമായതെന്ന് അൽ സെയ്ദി പറയുന്നു. പത്തോ ഇരുപതോ കൊല്ലത്തെ തടവിന്നു ശേഷമായാലും ഇത് പ്രസിദ്ധീകരിക്കുമെന്നുതന്നെ താൻ ഉറപ്പിച്ചിരുന്നതായി അദ്ദേഹം പറയുന്നു. ജയിൽവാസം തന്നെ കൂടുതൽ വിവേകശാലിയും നിർഭയനുമാക്കിയതായും അദ്ദേഹം പറഞ്ഞു.

ഈയിടെ പാക്കിസ്താനിലൊരു ബോംബ് സ്ഫോടനത്തിൽ 90 പേർ മരിച്ചതിൽ അൽസെയ്ദി ദു:ഖം പ്രകടിപ്പിച്ചു. "ഒസാമ കൊല്ലപ്പെട്ടതിന്ന് താലിബാൻ എന്തിനാണ് ജനങ്ങളെ കൊല്ലുന്നതെന്ന് എനിക്കുമനസ്സിലാകുന്നില്ല. ഒരു കാരണവുമില്ലാതെ അവർ മുസ്ലീമുകളെ കൊല്ലുകയാണ്. ഒരാളുടെ പാപത്തിന്ന് നിങ്ങൾ മറ്റൊരാളെ കൊല്ലരുതെന്ന് ഖുറാൻ പ്രത്യേകം അനുശാസിക്കുന്നുണ്ട്. ഒരാളെ നിങ്ങൾ രക്ഷിക്കുമ്പോൾ, മാനവരാശിയാകെയാണ് നിങ്ങൾ രക്ഷിക്കുന്നത്."

ദേശരക്ഷാ കാര്യാലയം എന്നൊരു മന്ത്രികാര്യാലയം തന്നെ വേണ്ടെന്ന് അൽസെയ്ദി പറയുന്നു. ബോംബും മറ്റായുധങ്ങളും നിർമ്മിക്കുന്ന ഫാക്ടറികളും വേണ്ടെന്നുവയ്ക്കണം. താൻ പറയുന്നതൊന്നും ആരും മനസ്സിലാക്കില്ലെന്ന് അൽസെയ്ദിക്കറിയാം. എങ്കിലും ഗാന്ധിജിയുടെ ഒരു ആരാധകനെന്ന നിലയിൽ തനിക്ക് ഇത്തരം ആശയങ്ങൾ പ്രചരിപ്പിക്കാതിരിക്കാനാവില്ലെന്ന് അദ്ദേഹം പറഞ്ഞു. ലോകത്തിലെല്ലായിടത്തുമുള്ള തീവ്രവാദി ശക്തികളെ അഹിംസയിലൂടേയും സമാധാനത്തിലൂടേയും മാത്രമേ നേരിടാനാവൂ എന്ന് അദ്ദഹേത്തിന്നറിയാം.

അൽ സെയ്ദിയുടെ പുസ്തകം അറബി ഭാഷയിലാണ്. ആ വകയിൽകുറച്ചു പണം കിട്ടിയിട്ടുണ്ട്. അതുംവച്ച് അദ്ദേഹം ഒരു അൽസെയ്ദി ഫൗണ്ടേഷനും ആരംഭിച്ചിട്ടുണ്ട്. ഇറാഖിൽ അമേരിക്കൻ അധിനിവേശം മൂലം ഉണ്ടായിട്ടുള്ള അഴിമതി തുറന്നുകാട്ടാൻ ഈ ഫൗണ്ടേഷൻ ശ്രമിക്കുന്നു. അമേ

---

പ്രതിക്കെതിരെ തെളിവൊന്നുമില്ല. സാമൂഹ്യ പരിഷ്ക്കരണത്തിന്ന് വിപ്ലവം മാത്രമാണ് മാർഗ്ഗമെന്ന പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുന്ന ചിലരുണ്ട്. ഇതൊരു കുറ്റകൃത്യമായി കരുതാനാകുമോ എന്ന് കോടതി ചോദിച്ചു.

പക്ഷെ ഗുഹക്ക് ജാമ്യമനുവദിക്കുന്നതിനെ ലളിത് പിന്നേയും എതിർത്തു. സന്യാലുമായി ബന്ധപ്പെട്ടതിന്റെ രേഖകൾ ഗുഹയിൽ നിന്ന് കണ്ടുകിട്ടിയിട്ടുണ്ട്. വിചാരണ നടത്തിയ കോടതി ഗുഹയെ കുറ്റക്കാരനാണെന്നു കണ്ടിട്ടുണ്ട്. ഛത്തീസ്ഗഡ് ഹൈക്കോടതിയിൽ അപ്പീൽ നിലവിലുമുണ്ടെന്ന് ലളിത് ചൂണ്ടിക്കാട്ടി.

ജ. പ്രസാദ് അതിന്നു നൽകിയ മറുപടി ഇതായിരുന്നു: ഒരുപാട് സാഹിത്യങ്ങളും വാർത്തകളും ഞങ്ങൾക്ക് ദിവസേന കിട്ടുന്നുണ്ട്. ഇദ്ദേഹത്തിന്നും അതുപോലെ പല സാഹിത്യങ്ങളും വരുന്നുണ്ടാകാം. ചില ലഘുലേഖകളും കത്തുകളും കൈവശം വന്നു ചേർന്നുവെന്നത് ഒരു കുറ്റകൃത്യമാകുമോ? ❑

# സത്യസന്ധനായ ഒരു കലക്ടറും കുറെ അഴിമതിക്കാരും

**- ഹർഷ മന്ദർ -**

വേനൽക്കാലത്തിന്റെ അത്യുച്ചിയിലാണ് പുതിയ ജില്ലാ കലക്ടർ സ്ഥാനമേറ്റത്. അതിന്നുമുമ്പ് രണ്ടുകൊല്ലം ചെറിയൊരു ജില്ലയുടെ ഭരണച്ചുമതലയാണ് അദ്ദേഹം വഹിച്ചിരുന്നത്. മിക്കവരും നല്ല ആൾക്കാർ. ജനങ്ങൾക്ക് പ്രയോജനകരമായ പല നല്ല കാര്യങ്ങളും ചെയ്യാൻ കഴിഞ്ഞതിലുള്ള സന്തോഷം മനസ്സിൽ തളം കെട്ടി നിന്നിരുന്നു.

പുതിയ ജില്ല വളരെ വലുതാണ്. പ്രശ്നങ്ങൾ സങ്കീർണമായിരുന്നു. പോരെങ്കിൽ രാഷ്ട്രീയമായി വളരെ പ്രധാനപ്പെട്ട ജില്ലയും. എങ്കിലും വെല്ലുവിളികളെ നേരിടാൻ തന്നെ ചെറുപ്പക്കാരനായ കലക്ടർ തീരുമാനിച്ചു.

പുതിയ ജില്ലയുടെചുമതലയേറ്റ് രണ്ടു ദിവസത്തിന്നകം അദ്ദേഹം ഊരുചുറ്റാനിറങ്ങി. നാടിനേയും നാട്ടുകാരേയും പരിചയപ്പെടണമല്ലോ. അതൊരു ക്ഷാമവർഷമായിരുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ വ്യാപകമായി നടക്കുന്നുണ്ട്. ദിവസവും ഏതാണ്ടൊരു ലക്ഷം പേർക്ക് പണി നൽകിവരുന്നു. അതുകൊണ്ടുതന്നെ പുതിയ കലക്ടറുടെ ആദ്യത്തെ നടപടി ദുരിതാശ്വാസ കേന്ദ്രങ്ങളുടെ പ്രവർത്തനം കണ്ടു മനസ്സിലാക്കലായിരുന്നു. അവിടെ കണ്ട കാഴ്ചകൾ കലക്ടറെ നടുക്കിക്കളഞ്ഞു. പരിശോധിച്ച ദുരിതാശ്വാസ കേന്ദ്രങ്ങളിലെല്ലാം ➡ കലവറയില്ലാതെയാണ് തട്ടിപ്പ് നടന്നുകൊണ്ടിരുന്നത്.

റിക്കാർഡുകളിൽ പല നടപടികളും നടന്നതായി എഴുതി വച്ചിരുന്നു. എന്നാൽ സംഭവസ്ഥലം പരിശോധിക്കുമ്പോൾ ഒരു പണിയും നടന്നതായി കാണുന്നില്ല. ഗവർമ്മേണ്ട് അനുവദിക്കുന്ന പണത്തിലധികവും പണികളുമായി ഒരു ബന്ധവുമില്ലാത്തവരുടെ പോക്കറ്റിലാണ് എത്തിക്കൊണ്ടിരുന്നത്. പണികളിലധികവും കുളം താഴ്ത്തലും ചാലുകീറലുമായിരുന്നു. ഒരു മഴ പെയ്യുന്നതിലൂടെ എത്രത്തോളം പണി നടന്നുവെന്നോ വല്ല പണിയും നടന്നുവോ എന്നോ അറിയാൻ മാർഗ്ഗമൊന്നുമില്ലാതാകുന്നു എന്നതാണതിന്റെ മെച്ചം. ജില്ലയെ ക്ഷാമപ്രദേശമായി പ്രഖ്യാപിക്കാൻ കൊല്ലംതോറും ബഹളംകൂട്ടുന്നതിന്റെ രഹസ്യവും അതാണ്.

സമീപ ജില്ലകളിലെ പ്രായവും പക്വതയും വന്ന സഹപ്രവർത്തകരോട് കലക്ടർ ഇക്കാര്യത്തെപ്പറ്റി സംസാരിച്ചു. ഇതൊക്കെ കണ്ട് ക്ഷോഭിക്കരുത്; എന്നാണവർ ഉപദേശിച്ചത്. എന്തു ചെയ്താലും കാര്യമില്ല. ഇവിടങ്ങളിലെ പതിവ് ഇങ്ങനെയൊക്കെയാണ്. ഇനി അഥവാ ക്ഷോഭം തോന്നുന്നുണ്ടെങ്കിൽ, മേലിൽ അഴിമതി നടക്കുന്നത് തടയാൻ ശ്രമിച്ചാൽ മതി. സംഭവിച്ചതെല്ലാം സംഭവിച്ചുകഴിഞ്ഞു.

പക്ഷെ ചെറുപ്പക്കാരനായ കലക്ടർ രണ്ടും കല്പിച്ചിറങ്ങി. ക്ഷാമ ദുരിതാശ്വാസ പ്രവർത്തനത്തിന്നായി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രമായൊരന്വേഷണം നടത്താൻ നിശ്ചയിച്ചതായി അദ്ദേഹം പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനം പുറത്തുവന്നതോടെ ആകാശം ഒന്നിച്ച് ഇടിഞ്ഞുപൊളിഞ്ഞ് തലയിൽ വീണതായി അദ്ദേഹത്തിന്ന് തോന്നി. അഴിമതിക്കാരിൽനിന്ന് ചില എതിർപ്പെല്ലാം ഉണ്ടാകുമെന്ന് കലക്ടർ പ്രതീക്ഷിച്ചിരുന്നു. പക്ഷെ ഇത്തരമൊരു ഭൂകമ്പം അദ്ദേഹം പ്രതീക്ഷിച്ചിരുന്നില്ല. ജില്ലയിലെ സകലവിധ രാഷ്ട്രീയക്കാരും കലക്ടർക്കെതിരെ അണിനിരന്നു. വെറുമൊരു ഉദ്യോഗസ്ഥനായ കലക്ടർ ജനപ്രതിനിധികളെയാകെ അവഹേളിച്ചിരിക്കുന്നുവെന്നതായിരുന്നു മുഖ്യ ആക്ഷേപം. പത്രങ്ങളെല്ലാം "ജനങ്ങളുടെ പക്ഷ"ത്തായിരുന്നു. കലക്ടർ ഉന്നയിച്ച പ്രശ്നമൊന്നും ഒരു പത്രവും റിപ്പോർട്ട് ചെയ്തില്ല. അതിലളിതമായൊരു അഴിമതി പ്രശ്നത്തെപ്പറ്റി പത്രങ്ങളിൽ വരുന്ന റിപ്പോർട്ടുകൾ കണ്ട് കലക്ടർ അത്ഭുതപ്പെട്ടു. ചില പത്രങ്ങൾ എഴുതിയ മുഖപ്രസംഗങ്ങളും പത്രാധിപർക്കുള്ള കത്തുകൾ എന്ന പംക്തിയിൽ വരുന്ന കത്തുകളും മാത്രമേ കലക്ടറെ ന്യായീകരിക്കാനുണ്ടായിരുന്നുള്ളൂ.

കലക്ടറുടെ വിജ്ഞാപനം പുറത്തുവന്നതോടെ നാനാപാർട്ടികളിൽപെട്ട തല നരച്ച നേതാക്കന്മാരും എം.പി. മാരും എം.എൽ.എ. മാരും പഞ്ചായത്ത് പ്രസിഡണ്ടുമാരുമടങ്ങിയ ഒരു "അഖിലകക്ഷി" പ്രതിനിധി സംഘം കലക്ടറെ കണ്ട് അന്വേഷണ കല്പന പിൻവലിക്കാൻ ആവശ്യപ്പെട്ടു. പൊതുമുതൽ ചെലവാക്കുമ്പോൾ അത് ഏതുവഴിക്ക് പോയെന്നറിയാൻ ജനങ്ങൾക്ക് അവകാശമുണ്ടെന്ന കലക്ടറുടെ വാദമൊന്നും രാഷ്ട്രീയക്കാർക്ക് സ്വീകാര്യമായിരുന്നില്ല. യോഗം അങ്ങനെ അലങ്കോലമായി കലാശിച്ചു. കലക്ടറുടെ പൂർവ്വകാല ചരിത്രം അഴിമതിക്കാരെ ഭയപ്പെടുത്തുന്ന ഒന്നായിരുന്നു. ഇങ്ങോട്ടു വരുന്നതിന്നുമുമ്പ് അയൽ ജില്ലയിൽ ഇദ്ദേഹം സേവനമനുഷ്ഠിച്ചിരുന്നു. അവിടെ ഇതുപോലെതന്നെ അന്വേഷണം നടത്തി നാല്പതോളം കേസുകൾ അദ്ദേഹം ചാർജ് ചെയ്തിരുന്നു. തൽഫലമായി പണത്തിന്റെ ചോർച്ച ഏറെക്കുറെ നിലച്ചു. റോഡുകൾ നിർമ്മിച്ചു. ഗ്രാമീണർക്കെല്ലാം പണിയും കൂലിയും കിട്ടിത്തുടങ്ങിയിട്ടുണ്ട്. ആയിരത്തിൽപരം കുളങ്ങൾ നിർമ്മിക്കപ്പെട്ടു.

---

രിക്കാരുടെ ദണ്ഡനം മൂലം വിധവകളായിത്തീർന്നവരേയും കുട്ടികളേയും സഹായിക്കാനും ഇത് ഉപയോഗപ്പെടുത്തും. എന്നാൽ ഈ ഫൗണ്ടേഷൻ നടത്തിക്കൊണ്ടു പോകുന്നതിന്ന് ഇതുവരേയും ധാർമ്മികമോ സാമ്പത്തികമോ ആയ പിന്തുണ ആരിൽനിന്നും ലഭിച്ചിട്ടില്ലെന്നും അൽസെയ്ദി പറഞ്ഞു. എന്നാൽ ധാരാളം ഭീഷണികൾ ലഭിക്കുന്നുണ്ട്. ഇതിന്റെ പിന്നിൽ അറബി ഗവർമ്മേണ്ടാണെന്ന് അദ്ദേഹം പറയുന്നു.

അൽസെയ്ദിയുടെ ചെരിപ്പെറിയൽ പലരേയും അത്തരം സമരമാർഗ്ഗങ്ങൾ അവലംബിക്കാൻ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. 2009ന്നും 2011ന്നു മിടയിൽ പാക് നേതാവായ സർദാരി, ചീനാ പ്രധാനമന്ത്രി വെൻജിയാബോ, പ്രധാനമന്ത്രി മൻമോഹൻസിങ്, ആഭ്യന്തരമന്ത്രി ചിദംബരം, കശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ള, കോമൺവെൽത്ത് ഗെയിംസിന്റെ സംഘാടകനായ കൽമാഡി തുടങ്ങിയവരെല്ലാം ചെരിപ്പേറിന്ന് ഇരയായിട്ടുണ്ട്. അതിലൊരു തെറ്റുമില്ലെന്ന് അൽസെയ്ദി പറയുന്നു. ജനങ്ങളുടെ രോഷ പ്രകടനമാണിതെല്ലാം. ഞാനതിൽ സന്തുഷ്ടനാണ്. മേലിൽ ജനങ്ങളുടെ മുമ്പിൽ ചെന്ന് ഞെളിഞ്ഞു നിൽക്കാൻ സ്വേഛാധിപതിമാരും ദുർഭരണക്കാരും പേടിക്കും. ജനങ്ങളെ പേടിക്കുന്നത് ഒരാവശ്യമാണ്. മനസ്സാക്ഷിയുള്ള ജനങ്ങൾ അവസാനം അത് പ്രകടിപ്പിക്കും.

അൽ സെയ്ദി ഇപ്പോൾ വിവിധ അറബി പത്രങ്ങളിൽ എഴുതിക്കൊണ്ടിരിക്കുന്നു. പക്ഷപാതമില്ലാത്ത, നിർഭയമായ തന്റെ ലേഖനങ്ങളെ വായനക്കാർ ഇഷ്ടപ്പെടുന്നു. അറബി ഭാഷയിലുള്ള അവസാനത്തെ അഭിവാദ്യം ഇന്ത്യയിൽ ആരെങ്കിലും ഹിന്ദിയിലേക്കും ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്യുമെന്ന് അൽസെയ്ദി പ്രതീക്ഷിക്കുന്നു. ❑

ജനപ്രതിനിധികളും കലക്ടറും തമ്മിലുള്ള ചർച്ച അലസിപിരിഞ്ഞ ഉടൻ കലക്ടർ സത്യസന്ധരായ ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി അന്വേഷണ കമ്മീഷനെ നിയമിച്ചു. അന്വേഷണത്തിന്റെ ഒന്നാമത്തെ പടിയെന്ന നിലയിൽ, ജനങ്ങൾക്ക് തൊഴിൽ നൽകിയതിന്റെ കണക്ക് ഹാജരാക്കാൻ വകുപ്പധ്യക്ഷന്മാർക്കും പഞ്ചായത്തുകാർക്കും കലക്ടർ കല്പന നൽകി. ഇത് മറ്റൊരു വിവാദത്തിന്നിട നൽകി. രേഖകൾ "പിടിച്ചെടുക്കാ"നാണ് കലക്ടർ കല്പന നൽകിയിരിക്കുന്നതെന്നും തങ്ങൾ കുറ്റക്കാരാണ് എന്ന മുൻവിധിയാണിതിന്നു പിന്നിലെന്നും പറഞ്ഞ് ജനങ്ങൾ ബഹളം കൂട്ടി. കലക്ടർ നടത്തിയ അന്വേഷണത്തിൽ ഈ ബഹളത്തിന്റെയെല്ലാം പിന്നിൽ കാട്ടുകള്ളന്മാരായ ചില ഉദ്യോഗസ്ഥന്മാരാണുള്ളതെന്ന് തെളിഞ്ഞു. സർക്കുലർ തയ്യാറാക്കിയ ഉദ്യോഗസ്ഥനാണ് "പിടിച്ചെടുക്കുക" എന്ന പദം തിരുകി കയറ്റിയത്; എന്നിട്ടതിന്നെതിരെ ബഹളം കൂട്ടാൻ ജനപ്രതിനിധികളെ പ്രേരിപ്പിച്ചതും അയാളാണ്. ഈ ബഹളത്തിൽ കലക്ടർ ഏതാണ്ട് ഒറ്റപ്പെട്ടുപോയി. ചെറുപ്പക്കാരനായ പോലീസ് സൂപ്രണ്ട് മാത്രമാണ് കലക്ടറുടെ പക്ഷം പിടിച്ചത്.

അടുത്ത രണ്ടാഴ്ചകൊണ്ട് കലക്ടർ നിർദ്ദേശിച്ച അന്വേഷണത്തിന്റെ ഫലം എത്തിത്തുടങ്ങി. ഈ ഘട്ടത്തിലാണ് ജില്ലയിലെ ഏറ്റവും മുതിർന്നവനും ഏറ്റവും ബഹുമാന്യനുമായ മന്ത്രി ജില്ലാപര്യടനം നടത്തിയത്. പര്യടനമെല്ലാം കഴിഞ്ഞശേഷം അദ്ദേഹം പതിവുപോലെ രാഷ്ട്രീയ നേതാക്കളായും ഉദ്യോസ്ഥന്മാരമായും ചർച്ച നടത്തി. അതിന്നുശേഷം എല്ലാവരും പിരിഞ്ഞുപോയപ്പോൾ മന്ത്രി കലക്ടർക്ക് ആളെ അയച്ചു. കലക്ടർ ചെന്നയുടൻ മന്ത്രി പരിഹാസ സ്വരത്തിൽ ചോദിച്ചു: "നിങ്ങൾ എത്ര കോടിയുടെ അഴിമതി കണ്ടെത്തി"? ആദ്യം ഒന്നമ്പരന്നു പോയെങ്കിലും കലക്ടർ സമനില കൈവിടാതെ മറുപടി പറഞ്ഞു. "സർ, കോടികളല്ല അന്വേഷണം നടക്കുന്നതേയുള്ളൂ. കിട്ടിയ വിവരം വച്ചു പറഞ്ഞാൽ സ്ഥിതി വളരെ മോശമാണ്".

പിന്നീട് ഒരു പതിനഞ്ചു മിനിട്ടു നേരം മന്ത്രിയുടെ ശകാര പ്രവാഹമായിരുന്നു. കലക്ടർ ആദ്യന്തം മൗനം പാലിച്ചു. ഒരിക്കൽമാത്രം അദ്ദേഹം ഇടപെട്ടു. "സർ, ഞാനെന്റെ കടമ നിറവേറ്റുക മാത്രമാണ് ചെയ്യുന്നത്". ആകെ വഷളായ നിലയിലാണ് ആ കൂടിക്കാഴ്ച അവസാനിച്ചത്. പക്ഷെ കലക്ടർ പതറിയില്ല. എന്നാൽ അൽപ ദിവസത്തിന്നകമുണ്ടായ ഒരു സംഭവം കലക്ടറെ വല്ലാതെ ഉലച്ചു കളഞ്ഞു. ജലസേചന വകുപ്പിലെ ചെറുപ്പകാരനായൊരു സബ്ബ് എഞ്ചിനീയറുടെ ആത്മഹത്യയായിരുന്നു അത്. മരിക്കുന്നതിന്നു മുമ്പ് അദ്ദേഹം ഒരു ആത്മഹത്യാകുറിപ്പ് എഴുതി വച്ചിരുന്നു. തന്റെ മേധാവിമാരുടെ നിർബ്ബന്ധം മൂലം താൻ പല തെറ്റും ചെയ്തിട്ടുണ്ടെന്നും, അതു പുറത്തു വരുമ്പോഴുണ്ടാകുന്ന നാണക്കേട് തനിക്ക് സഹിക്കാനാവില്ലെന്നും അതിനാൽ ജീവിതം അവസാനിപ്പിക്കുകയാണെന്നുമാണ് അതിൽ എഴുതിയിരുനനത്. ഒരു വിധവയുടെ ഏക സന്തതിയും ഏകാശ്രയനുമായിരുന്നു അയാളെന്നത് ആ ദുരന്തത്തിന്റെ തീവ്രത വർധിപ്പിച്ചു.

ഇതിന്നിടയിൽ പത്രങ്ങളെല്ലാം ജനകീയ പക്ഷത്ത് അണിനിരന്നു. വല്ലപ്പോഴുമൊരിക്കൽ ഒരു പത്രം കലക്ടറെ പിന്താങ്ങിക്കൊണ്ടൊരു മുഖപ്രസംഗമോ ലേഖനമോ പ്രസിദ്ധീകരിച്ചുവെന്നുവരാമെന്നതൊഴിച്ചാൽ, പത്രങ്ങളെല്ലാം ജനക്ഷോഭത്തെ ആഘോഷപൂർവ്വം കൊണ്ടാടി. ഒരു ദിവസം ഒരു പത്രത്തിലെ മുഖപ്രസംഗപേജിൽ പ്രത്യക്ഷപ്പെട്ട ഒരു ലേഖനം കലക്ടർക്കു തന്നെ വളരെ രസകരമായി തോന്നി. കവിതാരൂപത്തിലുള്ള ആ "മധ്യ"ത്തിൽ പറഞ്ഞിരുന്നത് ഇതാണ്. "അധികാരം കയ്യാളുന്ന ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥന്മാരുടേയും ജന്മാവകാശമാണ് പണമുണ്ടാക്കൽ; അതിൽ ഇടപെടുന്ന കലക്ടർ ജനാധിപത്യത്തോട് കടുത്ത അനീതിയാണ് ചെയ്യുന്നത്".

ജനകീയ പ്രക്ഷോഭണം അതിന്റെ മൂർധന്യത്തിലെത്തിയപ്പോൾ, ജില്ലയിലെ അഞ്ഞൂറോളം വരുന്ന പഞ്ചായത്ത് പ്രസിസണ്ടുമാരും എം.എൽ. എ. മാരും, ഭരണകക്ഷിക്കാരെന്നോ പ്രതിപക്ഷക്കാരെന്നോ ഭേദമില്ലാതെ ഒന്നിച്ചണിനിരക്കുകയും കലക്ടറുടെ തേർവാഴ്ചക്കെതിരായി ടൗണിൽ പ്രകടനം നടത്തുകയും കലക്ടറേറ്റിൽ ചെന്ന് കലക്ടറെ കാണണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. കലക്ടർ തന്റെ സ്നേഹിതനായിത്തീർന്ന പോലീസ് സൂപ്രണ്ടിനാൽ അനുഗതനായി പുറത്തിറങ്ങിവന്നു. മുദ്രാവാക്യ ബഹളത്തിന്നിടയിൽ പഞ്ചായത്ത് പ്രസിഡണ്ടുമാരെല്ലാം ഒപ്പിട്ട രാജിക്കത്ത് കലക്ടർക്ക് നൽകി. തീർത്തും അപ്രതീക്ഷിതമായിരുന്നു അത്. പിറ്റേ ദിവസം പത്രങ്ങളെല്ലാം രാജിവാർത്തകൊണ്ട് ഒന്നാം പേജ് നിറച്ചിരുന്നുവെന്നുമാത്രമല്ല നീണ്ട മുഖപ്രസംഗങ്ങളും കൊടുത്തിരുന്നു.

അല്പം കഴിഞ്ഞപ്പോഴേക്കും തലസ്ഥാന നഗരിയിൽനിന്ന് മുഖ്യമന്ത്രിയുടെ ഒരു സന്ദേശം കലക്ടർക്ക് കിട്ടി. ഉടനെ തലസ്ഥാനത്തെത്തണമെന്നാണ് അതിൽ ആവശ്യപ്പെട്ടിരുന്നത്. കലക്ടർ ഒരു പ്രത്യേക വിമാനത്തിൽ അപ്പോൾതന്നെ പുറപ്പെടുകയും ചെയ്തു. മുഖ്യമന്ത്രിയോട് എന്തുപറയണമെന്ന് ആ യാത്രക്കിടയിൽതന്നെ കലക്ടർ ആലോചിച്ചുറപ്പിച്ചിരുന്നു. തലസ്ഥാനത്ത് ചെന്നയുടനെ മുഖ്യമന്ത്രിയെ കാണാൻ സാധിച്ചു. മനസ്സിൽ ആലോചിച്ചുറപ്പിച്ചിരുന്നതെല്ലാം യാതൊരു കാലുഷ്യവും കൂടാതെ മുഖ്യമന്ത്രിയോട് തുറന്നു പറയുകയും ചെയ്തു. "സർ ഞാൻ ഏർപ്പെടുത്തിയ അഴിമതിയന്വേഷണം പിൻവലിക്കാൻ താങ്കൾ നിർദ്ദേശിക്കുകയാണെങ്കിൽ, ശരി ഞാനിതാ എന്റെ രാജി സമർപ്പിക്കുന്നു" എന്നു പറഞ്ഞ് കലക്ടർ അവസാനിപ്പിച്ചു.

മുഖ്യമന്ത്രിയുടെ പ്രതികരണം അത്ഭുതാവഹമായിരുന്നു. കലക്ടർ പറഞ്ഞതിനോടെല്ലാം മുഖ്യമന്ത്രി യോജിച്ചു. കലക്ടർ ചെയ്തതെല്ലാം നൂറു ശതമാനവും ശരിയാണ്. കലക്ടറുടെ തത്വാധിഷ്ഠിതമായ നിലപാടിൽ താൻ ഇടപെടില്ല. കലക്ടർക്ക് അഹിതകരമായ ഒന്നും തന്നെ ചെയ്യില്ല എന്ന് മുഖ്യമന്ത്രി പറഞ്ഞതോടെ കലക്ടർ നിസ്സഹായനായി. പിന്നീട് മുഖ്യമന്ത്രി സ്ഥിതിഗതികൾ വിശദീകരിച്ചു. താനാണ് ഇതിന്റെയെല്ലാം പിന്നിലെന്നാണ് ജനങ്ങൾ ധരിച്ചുവച്ചിരിക്കുന്നത്. അതിനാൽ കലക്ടർ ഏർപ്പെടുത്തിയ അന്വേഷണം ഉപേക്ഷിക്കുക. പകരം, ഉന്നത തലത്തിലുള്ള ഒരന്വേഷണ കമ്മീഷനെ നിയമിച്ചാൽ പോരേ? അത് അന്വേഷണത്തെ അട്ടിമറിക്കുന്നതിന്നു തുല്യമാകുമെന്ന് കലക്ടർ ചൂണ്ടിക്കാട്ടി. അങ്ങനെ വരില്ലെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകി. പിന്നെ കലക്ടർക്ക് എതിർക്കാൻ നിവൃത്തിയില്ലായിരുന്നു.

മുഖ്യമന്ത്രി വാക്കുപാലിച്ചു. സത്യസന്ധതക്കു പേരുകേട്ട തലമൂത്ത ചില ഉദ്യോഗസ്ഥന്മാരടങ്ങിയ പുതിയൊരു കമ്മീഷൻ നിയമിക്കപ്പെട്ടു. ഒരു കലക്ടർക്ക് കയ്യാളാവുന്നതിലേറെ അധികാരവും സ്വാതന്ത്ര്യവും കമ്മീഷന്നുണ്ടായിരുന്നു. കമ്മീഷനിലെ അംഗങ്ങൾ ജില്ലയിൽ ക്യാമ്പ് ചെയ്ത് വ്യാപകമായ തോതിൽ തെളിവെടുപ്പു നടത്തി. കല്ക്ടർ വിചാരിച്ചിരുന്നതിനേക്കാളെല്ലാം വ്യാപകമായ വെട്ടിപ്പുകൾ പുറത്തുകൊണ്ടുവരാൻ കമ്മീഷന്നു കഴിഞ്ഞു. അക്കൊല്ലം ജില്ലയിൽ ദുരിതാശ്വാസത്തിന്നായി അനുവദിച്ചിരുന്ന പതിനെട്ടു കോടി രൂപയിൽ പത്തു കോടിയും നിക്ഷിപ്ത താല്പര്യക്കാർ പോക്കറ്റിലാക്കിയതായി കമ്മീഷൻ സ്ഥാപിച്ചു. അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് മഴവരുന്നതിന്നു മുമ്പുതന്നെ ഗവർമ്മേണ്ടിന്നു സമർപ്പിച്ചു; അതിന്റെ

ഒരു കോപ്പി കലക്ടർക്കും നൽകി. റിപ്പോർട്ടിൽ അഴിമതി നടത്തിയവരായി ചൂണ്ടിക്കാണിക്കപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും ജനപ്രതിനിധികൾക്കുമെതിരെ കയ്യോടെ കേസെടുക്കാൻ കലക്ടർ നടപടിയാരംഭിച്ചു. ഒന്നിന്നു പിറകെ ഒന്നായി അനേകം പ്രഥമവിവര റിപ്പോർട്ടുകൾ (FIR) പോലീസിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

രണ്ടാഴ്ചക്കുശേഷം ഒരു ദിവസം കലക്ടർ നേരത്തെത്തന്നെ ഉണർന്നെഴുന്നേറ്റു. പതിവനുസരിച്ച് പത്രങ്ങളുമെടുത്ത് പൂന്തോട്ടത്തിൽ പോയി പത്രവായന തുടങ്ങി. അരമണിക്കൂറിന്നു ശേഷം അദ്ദേഹം അകത്തു പോയി ഭാര്യടെ തട്ടിയുണർത്തി. പത്ര റിപ്പോർട്ടനുസരിച്ച് തന്നെ മറ്റൊരു ജില്ലയിലേക്ക് സ്ഥലം മാറ്റിയിരിക്കുന്നതായി അദ്ദേഹം ഭാര്യയെ അറിയിച്ചു. അന്നുതന്നെ അവർ കെട്ടുമുറുക്കി സ്ഥലം വിടാൻ തയ്യാറായി. ആ ജില്ലയിലെ കലക്ടറായി സ്ഥാനമേറ്റിട്ട് മൂന്നുമാസം തികയും മുമ്പാണിത്. പുലർന്നപ്പോഴേക്കും ഒട്ടേറെ പേർ യാത്രാമംഗളമോതാൻ എത്തിയിരുന്നു. മിക്കവാറും സാധാരണക്കാർ.

അന്വേഷണ റിപ്പോർട്ട് സെക്രട്ടേറിയറ്റിൽ ഇപ്പോഴും പൊടിപിടിച്ചു കിടപ്പാണ്. പല സുഹൃത്തുക്കളും പിന്നീട് ചോദിച്ചു: ഇതുകൊണ്ടൊക്കെ ആർക്കെന്തു പ്രയോജനമാണുണ്ടായത്? കലക്ടർക്ക് അറിയില്ല. ജില്ലയുടെ വികസനത്തിന്നായി താൻ തയ്യാറാക്കിയ പ്ലാനൊന്നും നടപ്പാക്കാൻ കഴിഞ്ഞില്ലെന്നതിൽ അദ്ദേഹത്തിന്ന് കുണ്ഠിതം തോന്നി.

ജില്ല വിട്ടുകഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മനസ്സിലും ഹൃദയത്തിലും ചോദ്യങ്ങൾ തിക്കിത്തിരക്കി അണിനിരന്നു.

- നമ്മുടെ ഭരണസംവിധാനത്തിൽ അഴിമതി അനിവാര്യമാണോ? അഴിമതിക്കെതിരെ പോരാടുന്നത് നിഷ്ഫലമാണോ?
- ഒരാൾ വ്യക്തിപരമായി സത്യസന്ധനായിരുന്നാൽ മാത്രം മതിയോ? മറ്റുള്ളവരുടെ അഴിമതികളുടെ നേരെ കണ്ണടയ്ക്കണോ?
- സ്വന്തം ഭരണ മണ്ഡലത്തിൽ അഴിമതി നിയന്ത്രിക്കാൻ പരമാവധി ശ്രമിക്കുന്നതുകൊണ്ട് ഒരാൾ സംതൃപ്തനാകണമെന്ന് തലമൂത്ത സഹപ്രവർത്തകൻ നൽകിയ ഉപദേശത്തെ താൻ മാനിക്കേണ്ടിയിരുന്നുവോ?
- തദ്ദേശീയ ഭരണസംവിധാനത്തിൽ ഉൾപ്പെട്ട സകലരും തനിക്കെതിരായി അണിനിരന്നതെന്തുകൊണ്ടാണ്?
- സാധാരണക്കാരെല്ലാം തന്നെ പിന്താങ്ങിയിട്ടും അതെല്ലാം നിഷ്ഫലമായിത്തീർന്നതെന്തുകൊണ്ടാണ്?
- മറ്റൊരു തരത്തിൽ കരുനീക്കിയിരുന്നുവെങ്കിൽ, തനിക്ക് ലക്ഷ്യം നേടാൻ കഴിയുമായിരുന്നുവോ?
- പാവങ്ങൾക്കെതിരായ അനീതിക്കും അഴിമതിക്കും കൂടുതൽ സുസ്ഥിരമായൊരു പരിഹാരമുണ്ടാക്കാൻ എന്തെങ്കിലും ചെയ്യാൻ കഴിയുമോ?
- അഴിമതിക്കും അനീതികൾക്കുമെതിരെ പോരാടുന്നവർ എന്തുകൊണ്ടാണിങ്ങനെ ഒറ്റപ്പെട്ടു പോകുന്നത്?

ഈ ചോദ്യങ്ങൾക്കൊന്നും ഉത്തരം കണ്ടെത്താൻ അദ്ദേഹത്തിനിനിയും കഴിഞ്ഞിട്ടില്ല. എന്നാലും ഒരു കാര്യത്തിൽ അദ്ദേഹത്തിന് തീർച്ചയുണ്ട്. പിന്തിരിഞ്ഞു നടക്കാൻ നാളെ അവസരം കിട്ടുകയാണെങ്കിലും ഇപ്പോൾ ചെയ്തതിൽനിന്നും വ്യത്യസ്തമായൊരു മാർഗ്ഗം താൻ അവലംബിക്കില്ല എന്നതിൽ. (ഹിന്ദുവിൽനിന്നും സംഗ്രഹിച്ചത്) ❏



# ദേവന്മാർ കാൽ കുത്താൻ മടിക്കുന്നിടത്ത്

**ജ**പ്പാനിലെ ഫുക്കുഷിമയിലുണ്ടായ അത്യാഹിതത്തെത്തുടർന്ന് ജർമ്മനി അവരുടെ പതിനേഴ് അണുവൈദ്യുത നിലയങ്ങളും അടച്ചുപൂട്ടാൻ തീരുമാനിച്ചു. ഈ പതിനേഴു നിലയങ്ങളിൽ പഴക്കമേറിയ എട്ടെണ്ണം ഇപ്പോൾ നിർത്തലാക്കും. ബാക്കിയുള്ളതിൽ ആറെണ്ണം 2021 ആകുമ്പോഴേക്കും പൂട്ടും. 2022 ആകുമ്പോഴേക്കും ജർമ്മനി അണുവൈദ്യുത നിലയങ്ങളെല്ലാം അടച്ചുപൂട്ടും.

അണു നിലയങ്ങളെല്ലാം പൂട്ടിയാലും കൊല്ലത്തിൽ 300 കോടി യൂറോവിനോളം വരുന്ന അണുനികുതിയിൽനിന്ന് ജനങ്ങൾക്ക് മോചനം ലഭിക്കില്ല; കാരണം നിരുപയോഗമായി തീരുന്ന ഇന്ധനം സൂക്ഷിക്കാനുള്ള ചെലവിൽ കുറവൊന്നും വരില്ല.

പത്തുകൊല്ലം മുമ്പ് സോഷ്യൽ ഡെമോക്രാറ്റുകളും പരിസ്ഥിതി സംഘടനയായ ഗ്രീൻസും ഉൾപ്പെട്ട മന്ത്രിസഭ അണുനിലയങ്ങൾ പൂട്ടാൻ തീരുമാനിച്ചിരുന്നു. അണുനിലയങ്ങൾ പൂട്ടണമെന്ന വ്യവസ്ഥയോടെയാണ് ഗ്രീൻപാർട്ടി അന്നുഭരണ മുന്നണിയിൽചേർന്നത്. എന്നാൽ ഏഞ്ചല മെർക്കൽ ചാൻസലറായി തിരഞ്ഞെടുക്കപ്പെട്ടതോടെ മുൻ തീരുമാനം മാറ്റി. അണുനിലയങ്ങളുടെ ആയുർദൈർഘ്യം ശരാശരി 12 കൊല്ലംകൊണ്ട് വർധിപ്പിക്കാനും യാഥാസ്ഥിതിക ഗവർമ്മേണ്ട് തീരുമാനിച്ചു.

ജർമ്മൻ ജനത പൊതുവെ അണുനിലയങ്ങൾക്കെതിരാണ്. അതുകൊണ്ടാണ് ഗ്രീൻസ് പാർട്ടിക്ക് പാർലിമെന്റിൽ ഇത്രയേറെ വിജയം നേടാനായത്. മാർച്ചിലെ ജാപ്പ് ദുരന്തത്തെത്തുടർന്ന് ജർമ്മനി അണുനയമാകെ മാറ്റി.



ബർലിനിൽ അണു വൈദ്യുതിക്കെതിരായ ഒരു പ്രകടനം

ഇതുവരെ ജർമ്മനിയിലെ വൈദ്യുതോല്പാദനത്തിന്റെ 23 ശതമാനവും അണുവൈദ്യതിയായിരുന്നു. 2022 ആകുമ്പോഴേക്കും ജർമ്മനി അണുവൈദ്യുതിയിൽനിന്നും പാടെ മോചിതമാകും.

വികസിത രാജ്യങ്ങൾ ഇങ്ങനെ അണുവൈദ്യുതിയിൽനിന്നും മോചനം നേടാൻ വെമ്പിക്കൊണ്ടിരിക്കെ ഇന്ത്യയിൽ അണുവൈദ്യുതോല്പാതനം 200 മടങ്ങു കണ്ടു വർധിപ്പിക്കാനാണ് പ്ലാനിടുന്നത്. ഇത് അസാധ്യവും ശുദ്ധ അസംബന്ധവുമാണെന്ന് എഞ്ചനീയർമാർ പറയുന്നു. അമേരിക്കയിൽനിന്നും ഫ്രാൻസിൽനിന്നും റഷ്യയിൽനിന്നുമെല്ലാം കിട്ടുന്ന കൂറ്റൻ അണുനിലയങ്ങളാണ് ഗവർമ്മേണ്ടിന്റെ പ്രതീക്ഷയിലുള്ളത്. വെറും 40 കൊല്ലംകൊണ്ട് 200 ഇരട്ടി വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന അണുനിലയങ്ങൾ സ്ഥാപിക്കാമെന്ന് തലക്ക് വെളിവുള്ള ഒരു എഞ്ചിനീയറും പറയില്ലെന്നാണ് വൈദ്യുതി എഞ്ചിനീയർമാരുടെ ഒരു വക്താവ് പറയുന്നത്. ❏

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-6-2011

## –മരുന്നു പരീക്ഷണങ്ങൾ–

# ബോധവൽക്കരണം അത്യാവശ്യം

- അഡ്വ. പി.എൻ. സുനിത -

**പ**ത്രങ്ങളിൽകൂടി മനുഷ്യരുടെ മേലുള്ള മരുന്നു പരീക്ഷണങ്ങളുടെ പുതിയ കഥകൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന ഈ പ്രത്യേക സാഹചര്യത്തിൽ പൊതുജന ബോധവൽക്കരണത്തിന്റെ പ്രസക്തി ഏറിക്കൊണ്ടിരിക്കുകയാണ്. അസുഖബാധിതരും ദരിദ്രരും വിദ്യാവിഹീനരും മാത്രമല്ല അഭ്യസ്തവിദ്യരും മുഖ്യധാരാജീവിതത്തിലെ പ്രമുഖരും വരെ ഇന്ന് ഈ രാസ പരീക്ഷണത്തിന്റെ ഭീഷണയിലാണ്. അസുഖത്തിന്ന് പ്രതിവിധിയായി പുതിയൊരു മരുന്നുണ്ടെന്നും, അതുപയോഗിച്ച് ചികിത്സിച്ചാൽ, ചികിത്സാചെലവിന് പുറമെ നല്ലൊരു തുക സമ്മാനവും കിട്ടുമെന്ന് പ്രതീക്ഷിച്ചാണ് അന്യഥാ പരീക്ഷണ വിമുഖരായ നിസ്സഹായ ജീവനുകളെ മരുന്നു കമ്പനികൾ വിലക്കെടുക്കുന്നത്. യാതൊരുവിധ മാനുഷിക മൂല്യങ്ങളും വകവയ്ക്കാതെ, ഏകപക്ഷീയമായ ഈ ക്രൂര പരീക്ഷണത്തിൽ, പരീക്ഷണ വിജയം കമ്പനിയുടെ ലാഭപട്ടികയിൽ ഒരു പുതിയ മരുന്നുകൂടി ചേർത്തുകൊടുക്കുന്നു. പുതിയ മരുന്ന് ഒരുപക്ഷെ മനുഷ്യരാശിക്ക് ഗുണമുള്ളതാകാം, അല്ലായിരിക്കാം. പരീക്ഷണ ഫലമായുള്ള പാർശ്വ ഫലങ്ങൾക്ക് ആരാണ് ഉത്തരവാദി? ജീവൻ പണയം വച്ചുകൊണ്ട് പച്ചമനുഷ്യരെ പരീക്ഷണശാലയിൽ ഗിനി പന്നികളാക്കാൻ കമ്പനികൾക്ക് ആരധികാരം കൊടുത്തു?

പരീക്ഷണത്തിന് ആളുകളെ റിക്രൂട്ട് ചെയ്യുന്നതു സംബന്ധിച്ചോ, അവരുടെ അവകാശ സംരക്ഷണ പ്രശ്നങ്ങളെക്കുറിച്ചോ അധികാരികൾ ഇനിയും ചിന്തിച്ചു തുടങ്ങിയിട്ടില്ല. പരീക്ഷണ പാർശ്വഫലമായ കഠിന വേദനകൾ കടിച്ചമർത്തി കഷ്ടപ്പെടുന്ന നൂറുകണക്കിന്ന് ദരിദ്ര നാരായണൻമാരെ സംരക്ഷിക്കേണ്ട ചുമതല സർക്കാരിനില്ലേ? മരുന്നു പരീക്ഷണം നടത്തുന്ന നൂറുകണക്കിന്ന് മരുന്നു കമ്പനികളേയും, അതുപയോഗിച്ച് പണം സമ്പാദിക്കുന്ന വൻകിട ആശുപത്രികളെയും മനുഷ്യത്വ രഹിതമായി പണം സമ്പാദിക്കുന്ന ഡോക്ടർമാരേയും നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്തേണ്ടത് ഒരു അനിവാര്യത തന്നെയാണെന്ന് മനസ്സിലാക്കി, കണ്ണുതുറന്ന് പ്രവർത്തിക്കാൻ അധികാരികൾക്ക് ഇനിയെത്ര സംഭവങ്ങൾകൂടി ഉദാഹരണമായി ലഭിക്കേണ്ടിവരും?

നമുക്ക് ശബ്ദമുയർത്താം, നമ്മുടെ അവകാശ സംരക്ഷണത്തിനായി. ഒപ്പം കൂടുന്ന സുമനസ്സുകളോടും, ചതിക്കപ്പെട്ട് പരീക്ഷണവസ്തുക്കളായവരോടും ഒന്നേ പറയാനുള്ളൂ. തോറ്റുകൊടുക്കരുത്. കാരണം ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് ജീവിക്കാനുള്ള നമ്മുടെ അവകാശമാണ്. അതനുവദിച്ചുകൂടാ. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.